# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 26–ാം വാർഷിക പൊതുയോഗം

## 2017 ജൂലൈ 8 ശനിയാഴ്ച 2 p.m.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 26–ാമത് വാർഷിക പൊതുയോഗം 2017 ജൂലൈ 8–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് പി.ഒ.സി.യിൽവച്ച് നടത്തപ്പെടുന്നതാണ്. സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ അബ്രഹാം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിലായിരിക്കും പൊതുയോഗം.

## കാര്യപരിപാടി

| | |
|---|---|
| 1. പ്രാർത്ഥന | |
| 2. സ്വാഗതം | - **ശ്രീ. ആന്റണി പാലിമറ്റം** (വൈസ് ചെയർമാൻ, കെ.സി.ബി.എസ്.) |
| 3. അനുസ്മരണ പ്രാർത്ഥനാശുശ്രൂഷ | |
| 4. അധ്യക്ഷപ്രസംഗം | - **മോസ്റ്റ് റവ. ഡോ. അബ്രഹാം മാർ യൂലിയോസ്** (ചെയർമാൻ, കെ.സി.ബി.എസ്.) |
| 5. റിപ്പോർട്ടുകൾ | - **റവ. ഡോ. ജോൺസൺ പുതുശ്ശേരി CST** (സെക്രട്ടറി, കെ.സി.ബി.എസ്.) |
| 6. വാർഷിക കണക്കുകൾ | - **റവ. സി. ആഗ്നസ്സ് സി.റ്റി.സി.** (ട്രഷറർ, കെ.സി.ബി.എസ്.) |
| 7. ചർച്ച | |
| 8. ഓഡിറ്ററുടെ നിയമനം | |
| 9. നന്ദി | - **ശ്രീ. ജിസ്‌മോൻ തുടിയൻപ്ലാക്കൽ** (ജോയിന്റ് സെക്രട്ടറി, കെ.സി.ബി.എസ്.) |

**ശ്രീ. ആന്റണി പാലിമറ്റം**
വൈസ് ചെയർമാൻ

**റവ. ഡോ. ജോൺസൺ പുതുശ്ശേരി CST**
സെക്രട്ടറി

**റവ. സി. ആഗ്നസ്സ് C.T.C.**
ട്രഷറർ

**ശ്രീ. ജിസ്‌മോൻ തുടിയൻപ്ലാക്കൽ**
ജോ. സെക്രട്ടറി

# ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർത്ഥന

*വചനത്താൽ സർവ്വവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്ത്വം.*

*'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽ നിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽ നിന്നു നന്മയുടെ തീരങ്ങളിലേക്കും ദു:ഖദുരിതങ്ങളുടെ മരുഭൂമിയിൽ നിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളെന്ന നിലയിൽ ഞങ്ങളുടെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ഞങ്ങൾക്കു കഴിയട്ടെ. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സാരഥികളിലും വചനപ്രചോദിതമായ ഉണർവ്വും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. തിരുവചനോപാസകരായി, പരസ്നേഹനിർഭരരായി സഭയിലും ലോകത്തിലും ഞങ്ങൾ വളരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.*

# 2016 ഡിസംബർ 18 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഡിസംബർ 18 ഞായറാഴ്ച കേരളസഭ 'ബൈബിൾ ഞായറാ'യും ഡിസംബർ 'ബൈബിൾ പാരായണമാസ'മായും ആഘോഷിക്കുകയാണ്. *സ്നേഹത്തിന്റെ സന്തോഷം* എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പാ കുടുംബങ്ങൾ ശാക്തീകരിക്കുവാൻ സഭയെമുഴുവൻ ആഹ്വാനംചെയ്യുന്ന പശ്ചാത്തലത്തിൽ 'കുടുംബവും ദൈവവചനവും' എന്ന വിഷയം പരിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കും. ക്രൈസ്തവകുടുംബങ്ങളെ പടുത്തുയർത്തുന്നതിൽ ദൈവവചനത്തിനു നിർണായക പങ്കുണ്ടെന്നത് നിസ്തർക്കമാണ്.

**കുടുംബങ്ങളും ബൈബിളിലെ രക്ഷാകരചരിത്രവും**

ക്രൈസ്തവ കാഴ്ചപ്പാടിൽ ദൈവം ഏകാന്തതയല്ല, സംസർഗമാണെന്ന് പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ *സ്നേഹത്തിന്റെ സന്തോഷ*ത്തിൽ നമ്മെ ഓർമിപ്പിക്കുന്നുണ്ട്: 'നമ്മുടെ ദൈവം അവിടത്തെ അഗാധതരമായ രഹസ്യത്തിൽ ഏകാന്തതയല്ല, പിന്നെയോ കുടുംബമാണ്' (AL 13). പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കപ്പെടുന്ന മനുഷ്യൻ (ഉത്പ 1,27) കുടുംബമെന്ന ദൈവത്തിന്റെ പ്രതിച്ഛായയിൽ പങ്കുചേരുന്നു. കുടുംബം ദൈവമെന്ന അപരിമേയരഹസ്യത്തിൽ അടിസ്ഥാനമിട്ടിരിക്കുന്നുവെന്നു മാത്രമല്ല, അത് ദൈവികവെളിപ്പെടുത്തലിന്റെ പശ്ചാത്തലവുമാണ്.

കുടുംബകഥകളിലൂടെ വെളിപ്പെടുന്ന രക്ഷാകരചരിത്രമാണ് ബൈബിളിന്റെ ഉള്ളടക്കം എന്നു പറയാം. ആദിമാതാപിതാക്കൾക്കു മാർഗനിർദേശങ്ങൾ നല്കുന്ന ദൈവം (ഉത്പ 2,16–17), നീതിമാനായ നോഹയ്ക്കും കുടുംബത്തിനും സംരക്ഷണപേടകമൊരുക്കുന്നവൻ (ഉത്പ 7,1), സന്താനങ്ങളില്ലാത്ത വൃദ്ധദമ്പതികളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനത്തിനു രൂപംകൊടുക്കുന്നവൻ (ഉത്പ 12,1–3) തുടങ്ങി കുടുംബങ്ങളെ പരിപാലിക്കുകയും നയിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ മിഴിവാർന്ന ചിത്രങ്ങളാൽ ബൈബിളിലെ ആദ്യഭാഗംതന്നെ സമ്പന്നമായിരിക്കുന്നു. അബ്രാഹത്തിന്റെയും യാക്കോബിന്റെയും കുടുംബങ്ങൾ, രക്ഷിക്കുന്ന ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തലിന്റെ പശ്ചാത്തലമാകുന്നത് ഉത്പത്തിഗ്രന്ഥം വിവരിക്കുന്നു. ഇസ്രായേൽ എന്ന കുടുംബത്തിന്റെ പിതാവായി കർത്താവായ ദൈവത്തെ മോശയുടെ ഗീതം ചിത്രീകരിക്കുന്നുണ്ട് (നിയ 32,6). ദൈവവും ഇസ്രായേലുംതമ്മിലുള്ള ബന്ധം വിവരിക്കാൻ പിതാവ്–മകൻ, മാതാവ്–ശിശു, ഭർത്താവ്–ഭാര്യ തുടങ്ങിയ കുടുംബപ്രതീകങ്ങൾ പ്രവാചകർ സമൃദ്ധമായി ഉപയോഗിക്കുന്നു (ഏശ 46,3–4; 66,12–14; ജറെ 2,2). മാതാവിന്റെ മടിയിൽ കിടക്കുന്ന ശിശുവും (സങ്കീ 131,2) ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ദൈവം ചൊരിഞ്ഞ സ്നേഹവും (ഹോസി 11,1) ബൈബിളിലെ മനോജ്ഞങ്ങളായ കുടുംബക്കാഴ്ചകളാണ്.

മനുഷ്യകുടുംബങ്ങളിലെ സുന്ദരനിമിഷങ്ങൾ മാത്രമല്ല, സംഘർഷങ്ങളും കയ്പുനിറഞ്ഞ അനുഭവങ്ങളും ബൈബിളിൽ വിഷയമാകുന്നു. കായേൻ ആബേലിനെ വധിക്കുന്നിടത്തു തുടങ്ങുന്നതാണ് കുടുംബങ്ങളിലെ അക്രമവും സംഘർഷങ്ങളും. പൂർവപിതാക്കന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ കുടുംബങ്ങളിൽനിന്നുപോലും അസ്വസ്ഥതകൾ ഒഴിയുന്നില്ല. ദാവീദിന്റെ കുടുംബത്തെ ചൂഴ്ന്നുനില്ക്കുന്ന പ്രശ്നങ്ങൾ (2 സാമു 15,30–31), തോബിത്തിന്റെ കുടുംബത്തിലെ ദൈന്യതകൾ (തോബിത് 1–2), ജോബിന്റെ ജീവിതത്തിലെ കയ്പേറിയ പരാതികൾ (ജോബ് 19,13–17) തുടങ്ങിയവ സാധാരണങ്ങളായ കുടുംബാനുഭവങ്ങൾക്ക് ബൈബിളിൽ എന്തുമാത്രം പ്രാധാന്യമുണ്ടെന്ന് വ്യക്തമാക്കുന്നു. ഈജിപ്തിലേക്ക് പലായനംചെയ്യേണ്ടിവരുന്ന യേശുവും മാതാപിതാക്കളും (മത്താ 2,13–23) എല്ലാക്കാലങ്ങളിലുമുള്ള അഭയാർഥികുടുംബങ്ങളുടെ നൊമ്പരത്തിലാണ് പങ്കുചേരുന്നത്.

കുടുംബങ്ങൾ ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലിന്റെ വേദികളാകുന്നതും കുടുംബപ്രശ്നങ്ങൾ രമ്യമായി പരിഹരിക്കപ്പെടുന്നതും ബൈബിളിൽ നിരവധി തവണ നാം വായിക്കുന്നുണ്ട്. ഇടയന്മാർ തമ്മിലുള്ള കലഹം ലോത്തും അബ്രാഹവും വേർപിരിയാൻ ഇടയാക്കിയെങ്കിലും (ഉത്പ 13,5-12) ഉദാരമതിയായ അബ്രാഹം ലോത്തിനും കൂട്ടർക്കും അവർക്കിഷ്ടപ്പെട്ട ഫലഭൂയിഷ്ഠമായ ഭൂമിതന്നെ നല്കി. പക്ഷേ, ദൈവം അബ്രാഹത്തെയും കുടുംബത്തെയും പതിന്മടങ്ങ് അനുഗ്രഹിക്കുന്നു. ഭിന്നതകൾ മറന്ന് ഏസാവും യാക്കോബും അനുരഞ്ജനപ്പെടുന്നു (ഉത്പ 33,1-11). തന്നെ ദ്രോഹിച്ച സഹോദരങ്ങളോട് ജോസഫ് കാണിക്കുന്ന അനുകമ്പ സഹോദരങ്ങൾക്കുപോലും വിശ്വസിക്കാനാവുന്നില്ല (ഉത്പ 45,1-8; 50,15-31). കുടുബങ്ങൾക്ക് രൂപംനല്കുകയും അവയെ പരിപാലിക്കുകയും നേർവഴിക്കു നയിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഇതുപോലുള്ള രക്ഷാകരമായ ഇടപെടലുകൾ കുടുംബങ്ങൾക്ക് പ്രചോദനമേകുന്ന ബൈബിൾ ദൃശ്യങ്ങളാണ്.

**വചനം കുടുംബത്തിന്റെ ജീവസ്രോതസ്സ്**

കുടുംബം സ്വയം മനസ്സിലാക്കുന്നതും അതിന്റെ ആരംഭവും ലക്ഷ്യവും തിരിച്ചറിയുന്നതും അർത്ഥം കണ്ടെത്തുന്നതും ദൈവവചനത്തിലാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ *കർത്താവിന്റെ വചനം* (വെർബും ദോമിനി) എന്ന അപ്പസ്തോലികാഹ്വാനം നമ്മെ ഓർമപ്പെടുത്തുന്നുതുപോലെ, ദൈവവചനം നാം ആരെന്നും നമ്മുടെ മനുഷ്യാവസ്ഥയും ജീവിതസായൂജ്യവും പൂർണമായും വെളിപ്പെടുത്തുന്നു (VD 6). വചനം നമ്മെ യഥാർത്ഥജീവനിലേക്കു നയിക്കുന്നു. യേശുവാണ് ജീവൻ നല്കുന്ന വചനം. ജീവന്റെ വചനം ശ്രവിക്കുകയും കാണുകയും സ്പർശിക്കുകയും സൂക്ഷിച്ചു വീക്ഷിക്കുകയും ചെയ്തുവെന്ന് യോഹന്നാൻശ്ലീഹ അവകാശപ്പെടുമ്പോൾ (1 യോഹ 1,1) ജീവന്റെ ഉറവിടമായ യേശുവിനെത്തന്നെയാണ് ഉദ്ദേശിക്കുന്നത്. പത്രോസ്ശ്ലീഹ പറയുന്നതുപോലെ, നിത്യജീവന്റെ വചനങ്ങൾ യേശുവിന്റെ പക്കലാണുള്ളത് (യോഹ 6,68). ജീവൻ സമൃദ്ധിയായി ഉണ്ടാകാൻ കുടുംബങ്ങൾ യേശുവിൽ എത്തിച്ചേരണം.

കുടുംബങ്ങളോടുള്ള യേശുവിന്റെ പ്രത്യേക കരുതലും സ്നേഹവും സുവിശേഷങ്ങളിൽ ഉടനീളം പ്രകടമാണ്. ലാസറിന്റെയും മർത്തായുടെയും മറിയത്തിന്റെയും ഭവനം യേശുവിന്റെ സവിശേഷമായ സ്നേഹത്തിനു സാക്ഷ്യംവഹിച്ചു (ലൂക്ക 10,38-42; യോഹ 11,5) . പത്രോസിന്റെ ഭവനത്തിലും (മത്താ 8,14-15) ജായ്റോസിന്റെ ഭവനത്തിലും (മർക്കോ 5,21-24.35-43) രോഗികളെ യേശു സൗഖ്യപ്പെടുത്തി. സക്കേവൂസിന്റെ ഭവനത്തിന് അവിടന്ന് രക്ഷയേകി (ലൂക്ക 19,1-10). മത്തായിയുടെ വീട്ടിലാകട്ടെ, സമൂഹത്തിൽനിന്ന് തിരസ്ക്കരിക്കപ്പെട്ട പാപികളോടൊത്ത് യേശു പന്തിഭോജനത്തിൽ പങ്കുചേർന്നു (മത്താ 9,9-13). വചനം മാംസംധരിച്ച യേശുവിന്റെ ഭവനസന്ദർശനങ്ങൾ കുടുംബങ്ങൾക്ക് ജീവന്റെ അനുഭവമായി മാറി.

'കർത്താവായ യേശുവിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും' എന്ന പൗലോസിന്റെ വാക്കുകൾ (അപ്പ 16,31) കുടുംബങ്ങൾ സ്വീകരിക്കേണ്ട മാർഗം വ്യക്തമാക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനം യേശുവിനെ കണ്ടെത്തുകയാണ്. വിശുദ്ധഗ്രന്ഥമാണ് യേശുവിലേക്കുള്ള സുനിശ്ചിതമായ മാർഗം. 'വിശുദ്ധഗ്രന്ഥം സംബന്ധിച്ച അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്' എന്ന വി.ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസ്താവ്യമാണ്. ദൈവവചനത്തിലൂടെ ഇന്ന് നമുക്ക് യേശുവിനെ നമ്മുടെ ഭവനങ്ങളിലേക്ക് ആനയിക്കുവാൻ കഴിയും.

വിശുദ്ധഗ്രന്ഥം വായിക്കുന്ന ഏതൊരു വിശ്വാസിയും യേശുവിനെ കണ്ടെത്തുന്നതോടൊപ്പം തന്റെ കുടുംബസാഹചര്യങ്ങളും അതിൽ കണ്ടെത്തും. കുടുംബങ്ങളിലെ സ്വപ്നങ്ങളും പ്രതീക്ഷകളും, സന്തോഷവും സന്താപവും, ഉയർച്ചയും താഴ്ചയും അതിൽ വിവരിക്കപ്പെടുന്നുണ്ട്. ഓരോരോ കാലഘട്ടങ്ങളിലും സംസ്കാ

രങ്ങളിലും സാഹചര്യങ്ങളിലും അവയുടെ രൂപഭാവങ്ങൾ മാറുന്നുവെന്നുമാത്രം. തന്റെ ജനത്തെ ദൈവം ജീവന്റെ വഴിയിലൂടെ നടത്തിയതുപോലെ ഇന്നും നമ്മുടെ കുടുംബങ്ങളെ നയിക്കുമെന്നും യേശുവിന്റെ സന്ദർശനത്താൽ അവരെ ധന്യരാക്കിയതുപോലെ നമ്മുടെ കുടുംബങ്ങളെ ധന്യമാക്കുമെന്നുമുള്ള വിശ്വാസത്തിലേക്ക് ബൈബിൾവായന നമ്മെ നയിക്കും.

**കുടുംബവും ബൈബിളും**

രക്ഷാകരചരിത്രം ഉൾക്കൊള്ളുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നുനല്കുകയും ചെയ്തത് കുടുംബങ്ങളായിരുന്നു. ദൈവം തന്റെ ജനത്തിനായി ചെയ്ത മഹനീയകൃത്യങ്ങൾ കുടുംബങ്ങളിൽ അനുസ്മരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്തിരുന്നു. ദൈവമായ കർത്താവിന്റെ ചട്ടങ്ങളും പ്രമാണങ്ങളും അനുസരിച്ച് ജീവിതകാലംമുഴുവൻ അവിടത്തെ ഭയപ്പെടുന്നതിനും ദീർഘായുസ്സ് ഉണ്ടാകുന്നതിനുംവേണ്ടി ഇവയുടെ അർത്ഥം മക്കളെ പഠിപ്പിക്കുവാൻ മോശ ഇസ്രായേൽജനത്തെ ഉദ്ബോധിപ്പിക്കുന്നത് നാം നിയമാവർത്തനപുസ്തകത്തിൽ വായിക്കുന്നു (നിയ 6,2–23). ഇസ്രായേൽജനം വിശ്വാസം തലമുറകളിലേക്ക് കൈമാറിയത് കുടുംബങ്ങളിലായിരുന്നു. യേശുവിലുള്ള വിശ്വാസം ആഴപ്പെടുത്താൻ കുടുംബങ്ങളിലെ പ്രാർത്ഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും.

വചനം വായിക്കുക മാത്രമല്ല, വചനം പഠിക്കുകയും വേണം. ദൈവം തന്റെ സഭയ്ക്കു പ്രദാനംചെയ്ത വചനം ആഴത്തിൽ ഗ്രഹിക്കാനുള്ള പരിശ്രമം സാധാരണ ക്രൈസ്തവജീവിതത്തിന്റെ ഉയർന്ന മാനദണ്ഡം ലക്ഷ്യമാക്കുന്നുവെന്ന് *കർത്താവിന്റെ വചനം* എന്ന അപ്പസ്തോലികാഹ്വാനം (VD 72) പ്രസ്താവിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ *ദൈവവചനം* (ദേയീ വെർബും) എന്ന പ്രാമാണികരേഖയിലൂടെ ബൈബിൾപഠനം അനന്യമാംവിധം പ്രോത്സാഹിപ്പിക്കുന്നുണ്ട്. എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് യേശു വചനം വ്യാഖ്യാനിച്ചുകൊടുത്തപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുവെന്ന (ലൂക്ക 24,32) പ്രസ്താവന ബൈബിൾപഠനത്തിന് നമുക്കു പ്രചോദനമേകണം.

**ബൈബിൾ കമ്മീഷൻ കുടുംബശാക്തീകരണത്തിന്**

കുടുംബത്തിലെ മുതിർന്നവരും കുട്ടികളും ഒന്നിച്ചിരുന്നു ബൈബിൾ വായിക്കുകയും പഠിക്കുകയും ചെയ്യുന്ന സംസ്കാരം നാം വളർത്തിയെടുക്കണം. ഒന്നുചേർന്നുള്ള വചനപഠനം പ്രോത്സാഹിപ്പിക്കുവാനായി ഈ വർഷംമുതൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ കുടുംബക്വിസും (ലോഗോസ് ഫമീലിയ ക്വിസ്) ആരംഭിച്ചിരിക്കുന്നു. ഒരുമിച്ചുള്ള ബൈബിൾ പഠനം കുടുംബബന്ധങ്ങൾക്ക് ജീവനേകട്ടെ.

ലോഗോസ്പരീക്ഷയിൽ ഇത്തവണ രൂപതാതലത്തിൽ 36 രൂപതകളിൽ നിന്ന് ആറുലക്ഷത്തോളംപേർ പങ്കെടുത്തു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരും അവരുടെ കൂടെ പ്രവർത്തിച്ചവരും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ലോഗോസ്പരീക്ഷയിൽ പങ്കെടുക്കുന്നത് വചനം പഠിക്കുവാനുള്ള പ്രാരംഭഘട്ടമായി ഏവരും കണക്കാക്കണം.

ബൈബിൾ പഠിക്കുവാൻ കേരളത്തിനകത്തും പുറത്തും അനേകായിരങ്ങൾ പങ്കെടുക്കുന്ന പഠനപദ്ധതിയാണ് ബൈബിൾകമ്മീഷൻ നടത്തുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. കുടുംബങ്ങൾ ഇതിൽ പങ്കുചേർന്നു പഠിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം. ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന പഠനബൈബിളും ദൈവവചനം ആഴത്തിൽ പഠിക്കുവാൻ സഹായകമാണ്. ഈയവസരത്തിൽ പി.ഒ.സി ബൈബിൾ പരിഷ്കരണത്തിലും പഠനബൈബിൾ തയ്യാറാക്കലിലും ഏർപ്പെട്ടിരിക്കുന്ന ബൈബിൾപഠിതാക്കളെ കെ.സി.ബി.സി. നന്ദിയോടെ അനുസ്മരിക്കുന്നു.

മൂലഗ്രന്ഥത്തോടും അർത്ഥത്തോടും ഏറ്റവും വിശ്വസ്തത പുലർത്തി ബൈബിൾ ദൈവജനത്തിന്റെപക്കൽ എത്തിക്കുന്ന മഹനീയ ദൗത്യത്തിലാണ് അവർ ഏർപ്പെട്ടിരിക്കുന്നത്.

ഓരോ കുടുബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഏറെക്കുറെ സാധ്യമായിട്ടുണ്ട്. ഓരോരുത്തർക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യംവയ്ക്കേണ്ടത്. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള ബൈബിൾവ്യാപനംവഴി പലർക്കും സ്വന്തമായി ബൈബിൾ കൂടെ കൊണ്ടുനടക്കുവാൻ സാധിക്കുന്നുണ്ട്. ബൈബിൾ കമ്മീഷൻ ഇറക്കിയിരിക്കുന്ന മൊബൈൽ ബൈബിൾ, ശ്രാവ്യ ബൈബിൾ എന്നിവ ഇതിന് സഹായിക്കുന്നു. കൂടാതെ, ബൈബിൾ കമ്മീഷൻ ഭിന്നശേഷിയുള്ളവർക്കായും പ്രത്യേകബൈബിളുകൾ തയ്യാറാക്കിയിട്ടുണ്ട്.

വചനം മാംസംധരിച്ചവന്റെ വരവിനായി ഒരുങ്ങുന്ന ഡിസംബർമാസം *ബൈബിൾപാരായണമാസ*മായി ആചരിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്. കുടുംബപ്രാർത്ഥനയുടെ അവസാനം ബൈബിൾ ഭാഗം വായിക്കുക, രാവിലെ ഒരുവചനം ഹൃദിസ്ഥമാക്കുക, ആ വചനം ദിവസംമുഴുവൻ ഉരുവിടുക എന്നിവ ഇന്ന് സാധാരണമായിരിക്കുന്നു. യാത്രയിൽ ഓഡിയോബൈബിൾ ശ്രവിക്കുന്നവരുടെ എണ്ണവും കൂടിവരുന്നു. കേരളക്രൈസ്തവകുടുംബങ്ങളിൽ വചനപാരായണ സംസ്കാരം വളർന്നുവരുന്നു എന്നത് അഭിമാനാർഹമാണ്.

ബൈബിൾപാരായണമാസമായ ഡിസംബറിൽ ദേവാലയത്തിലും ഓരോ ഭവനത്തിലും വിശുദ്ധഗ്രന്ഥം അലങ്കരിച്ചു പ്രതിഷ്ഠിക്കുവാൻ ശ്രദ്ധിക്കണം. ഇടവകകളിൽ സംപൂർണ ബൈബിൾപാരായണം സംഘടിപ്പിക്കുവാൻ പരിശ്രമിക്കുക. കുടുംബാംഗങ്ങൾ ഒന്നുചേർന്ന് ഒരു സുവിശേഷമെങ്കിലും ഈ മാസം മുഴുവൻ വായിച്ചു കേൾക്കുന്നത് മംഗളവാർത്തയുടെ ചൈതന്യത്തിൽ വളരാൻ നമ്മുടെ കുടുംബങ്ങളെ സഹായിക്കും. പഴയ ബൈബിൾ ശേഖരിക്കുവാനും നിർധനർക്ക് സൗജന്യമായി ബൈബിൾ കൊടുക്കുവാനും ബൈബിൾ സൊസൈറ്റി നടത്തുന്ന യജ്ഞത്തിൽ നിർലോഭ സഹകരണം നല്കണമെന്ന് ഓർമിപ്പിക്കട്ടെ. ബൈബിൾ സൊസൈറ്റിയിൽ അംഗത്വമെടുത്ത് കേരളസഭയുടെ വചനപ്രേഷിതത്വത്തിൽ പങ്കാളികളാകാനും ഏവരും താത്പര്യമെടുക്കണം. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനുംവേണ്ടി ഡിസംബർ 18–ാം തീയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലിമധ്യേയുള്ള പിരിവ് രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി കുടുംബങ്ങൾ ശക്തിപ്പെടുത്താം. വചനം കണ്ണുകളിൽനിന്ന് അധരങ്ങളിലേക്കും അധരങ്ങളിൽനിന്ന് കാതുകളിലേക്കും കാതുകളിൽനിന്ന് ഹൃദയത്തിലേക്കും ഹൃദയത്തിൽനിന്ന് കരങ്ങളിലേക്കും പ്രവഹിക്കട്ടെ. ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്
**വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ**
ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2016 – 2017 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചു പ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990–ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 26 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 26–ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

**യോഗങ്ങൾ**

2016–2017 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (16 ജൂലൈ 2016) 3 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (09 ജൂലൈ 2016; 20 ആഗസ്റ്റ് 2016; 04 നവംബർ 2016) 4 മാനേജിംഗ് കൗൺസിൽ യോഗങ്ങളും (09 ജൂലൈ 2016; 20 ആഗസ്റ്റ് 2016; 25 നവംബർ 2016; 21 ജനുവരി 2017) ചേർന്നു.

**1. എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം (09 ജൂലൈ 2016)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2016 ജൂലൈ 9ന് ഉച്ചകഴിഞ്ഞ് 2.30ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ശ്രീമതി ജാൻസി ജേക്കബിന്റെ ഈശ്വരപ്രാർഥനയോടെ പി.ഒ.സിയിൽ വച്ച് ചേരുകയുണ്ടായി. യോഗത്തിൽ 6 അംഗങ്ങൾ പങ്കെടുത്തു. ഈ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അവസാനത്തെ യോഗമാണിതെന്നും ഇത് വ്യത്യസ്ത കഴിവുകളുള്ളവരുടെ ടീമായിരുന്നുവെന്നും ഓരോ പ്രാവശ്യവും പ്രവർത്തിക്കാൻ കഴിവുള്ള ആളുകളെ തന്നുകൊണ്ടാണ് ദൈവം ബൈബിൾ സൊസൈറ്റിയെ അനുഗ്രഹിക്കുന്നതെന്നും ശ്രീ. ജോസഫ് പന്തപ്ലാക്കൽ എല്ലാവർക്കും യോഗത്തിലേക്ക് സ്വാഗതം ആശംസിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. കഴിഞ്ഞ മൂന്നുവർഷക്കാലം വളരെ ആത്മാർഥതയോടെയും യോജിപ്പോടെയും കഴിവുറ്റ ആളുകളോടൊപ്പം സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ മുന്നോട്ട് പോകാൻ സാധിച്ചുവെന്ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. മരണംമൂലം വേർപെട്ടുപോയ മാനേജിംഗ് കൗൺസിൽ അംഗം അഡ്വ. റോഷറിനെ അദ്ദേഹം അനുസ്മരിക്കുകയും ചെയ്തു. അഭിവന്ദ്യ സൂസൈപാക്യം പിതാവു നല്കിയ സ്വാതന്ത്ര്യവും അംഗങ്ങളിൽ അർപ്പിച്ച വിശ്വാസവും പ്രവർത്തിക്കാൻ വലിയ ഊർജ്ജം നല്കിയെന്നും ധീരമായ തീരുമാനങ്ങൾ എടുത്ത് മുന്നോട്ട് പോകുന്ന സെക്രട്ടറിയും പൂർണസഹകരണം നല്കുന്ന അംഗങ്ങളും സൊസൈറ്റിയെ വളർച്ചയുടെ പാതയിൽ ബഹുദൂരം മുന്നേറാൻ സഹായിച്ചു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുൻയോഗ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗമത് പാസാക്കി.

സുൽത്താൻപെട്ട്, മാൻഡ്യ രൂപതകൾ ലോഗോസ് ക്വിസിൽ ചേരാൻ താല്പര്യം പ്രകടിപ്പിക്കുകയും അവരെ ക്വിസിൽ ഉൾപ്പെടുത്തുകയും ചെയ്തു. ലോഗോസ് സംസ്ഥാനതല എഴുത്തുപരീക്ഷ കൊല്ലം, കലൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ നടത്താനും അതിൽ പങ്കെടുക്കുന്നവർക്കെല്ലാം സമ്മാനം അവിടെവച്ചുതന്നെ കൊടുക്കാനും തീരുമാനമായി.

സെക്രട്ടറിയച്ചൻ ജനറൽബോഡിയിൽ അവതരിപ്പിക്കാനുള്ള 2015–2016 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും 2016–2017ലേക്കുള്ള ബഡ്ജറ്റും വായിക്കുകയും വിശദീകരണങ്ങൾക്കുശേഷം യോഗം പാസാക്കുകയും ചെയ്തു.

എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക്, കഴിഞ്ഞ ടേമിൽ അവർ

നല്കിയ സേവനത്തിന്റെ ഓർമയ്ക്കായി, മെമെന്റോ നല്കുന്നത് നല്ലതായിരിക്കുമെന്ന് ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ അഭിപ്രായപ്പെട്ടു. അതിനുള്ള ക്രമീകരണങ്ങൾ ചെയ്യാമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. വരുന്ന ജനറൽബോഡിയിലെ തിരഞ്ഞെടുപ്പിന്റെ കാര്യങ്ങൾ യോഗം പരിഗണനയ്ക്കെടുക്കുകയും തുടർന്നുവരുന്ന മാനേജിംഗ് കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യാൻ ധാരണയാകുകയും ചെയ്തു. അഭിമാനാർഹമായവിധം സൊസൈറ്റിയെ വളർത്താൻ സഹായിച്ച അംഗങ്ങൾക്ക് സെക്രട്ടറിയച്ചൻ നന്ദിയർപ്പിച്ചു. യോഗം വൈകിട്ട് 3.30ന് സമാപിച്ചു.

**2. മാനേജിങ്ങ് കൗൺസിൽ യോഗം (09 ജൂലൈ 2016)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2016 ജൂലൈ 9–ാം തീയതി ഉച്ചകഴിഞ്ഞ് 3.30ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ 18 അംഗങ്ങൾ പങ്കെടുത്തു. ശ്രീമതി ജാൻസി ജേക്കബ് പ്രാരംഭപ്രാർഥനയ്ക്കും മരണം മൂലം വേർപ്പെട്ട അഡ്വ. റോഷറിനെക്കുറിച്ചുള്ള അനുസ്മരണപ്രാർഥനയ്ക്കും നേതൃത്വം നല്കി. രൂപതയിലെ സജീവപ്രവർത്തകനും എപ്പോഴും പ്രാർഥിക്കുന്ന വ്യക്തിയും സഹായിക്കാൻ എന്നും സന്നദ്ധനുമായിരുന്നു അഡ്വ. റോഷർ എന്നും ലോഗോസിന്റെ വിജയത്തിനായി ആത്മാർഥമായി അദ്ദേഹം സഹായിച്ചു എന്നും ശ്രീമതി ജാൻസി ജേക്കബ് അനുസ്മരിച്ചു.

ശ്രീ. ആന്റണി സച്ചിൻ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതമാശംസിച്ചു. ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ തീക്ഷ്ണതയോടെയും ആത്മാർഥതയോടെയും പൂർത്തിയാക്കാൻ ഈ മാനേജിംഗ് കൗൺസിൽ അദ്ധ്വാനിച്ചുവെന്നും സൊസൈറ്റിയിൽ കഴിഞ്ഞവർഷങ്ങളിൽ 2000ൽ അധികം പേരെ പുതുതായി കൂട്ടിച്ചേർക്കാൻ സാധിച്ചുവെന്നും ക്യാമ്പെയിൻ വഴി ബൈബിൾ സൊസൈറ്റിയെക്കുറിച്ച് അറിയാൻ പാടില്ലാത്ത ഇടവകകളിൽ ബൈബിൾ സൊസൈറ്റിയെ അറിയിക്കാൻ കഴിഞ്ഞുവെന്നും തന്റെ അധ്യക്ഷപ്രസംഗത്തിൽ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം പറഞ്ഞു. ചെയർമാൻ പിതാവ് കാണിച്ച അതിരറ്റ താല്പര്യവും പ്രോത്സാഹനവും പ്രവർത്തിക്കാൻ ശക്തിപകർന്നുവെന്നും ജൂബിലി അനുഗ്രഹത്തിന്റെ കാലമായിരുന്നുവെന്നും അദ്ദേഹം സൂചിപ്പിച്ചു. ബൈബിൾ സൊസൈറ്റിയോട് മാനേജിംഗ് കൗൺസിൽ അംഗങ്ങൾ കാണിച്ച സഹകരണത്തിനും ആത്മാർഥതയ്ക്കും ശ്രീ. ആന്റണി പാലിമറ്റം നന്ദി അറിയിച്ചു. ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ റിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും വായിച്ചു. യോഗമത് പാസാക്കി.

സെക്രട്ടറിയച്ചൻ ജനറൽബോഡിയിൽ അവതരിപ്പിക്കാനുള്ള 2015–2016 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും 2016–2017ലേക്കുള്ള ബഡ്ജറ്റും വായിക്കുകയും വിശദീകരണങ്ങൾക്കുശേഷം യോഗം പാസാക്കുകയും ചെയ്തു.

തുടർന്ന് കഴിഞ്ഞ മൂന്നുവർഷക്കാലം ബൈബിൾ സൊസൈറ്റിയിലെ അനുഭവങ്ങൾ കൗൺസിൽ അംഗങ്ങൾ പങ്കുവച്ചു. മാനേജിംഗ് കൗൺസിലിന്റെ കഴിഞ്ഞ മൂന്നുവർഷങ്ങൾ കൂട്ടായ പ്രവർത്തനത്തിന്റെ കാലഘട്ടമായിരുന്നുവെന്ന് പൊതുവായ അഭിപ്രായപ്രകടനം ഉണ്ടായി. വിവിധങ്ങളായ മാർഗങ്ങളിലൂടെ വചനം ജനങ്ങളിലേക്ക് കൊണ്ടുചെല്ലുവാൻ സൊസൈറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. ജൂബിലിവർഷത്തിൽ ഊർജ്ജസ്വലമായി പുതിയ കാര്യങ്ങൾ വിഭാവനം ചെയ്തു നടപ്പാക്കി. ഓഡിയോ ബൈബിൾ, വിഭിന്നശേഷിയുള്ളവർക്കായുള്ള സൈൻ ബൈബിൾ, ബ്രെയിലി ബൈബിൾ, ആക്സസ്സിബിൾ ബൈബിൾ തുടങ്ങിയവ ധീരമായ ചുവടുവയ്പ്പുകളായിരുന്നു. രജതജൂബിലിവർഷം സൊസൈറ്റി വലിയ ദൈവകൃപകൾ അനുഭവിച്ചറിഞ്ഞു. സൗഹൃദപരമായ അന്തരീക്ഷത്തിൽ, ഒറ്റക്കെട്ടായി പ്രവർത്തിക്കുവാൻ സെക്രട്ടറിയച്ചൻമാർ നേതൃത്വം നല്കി. ദൈവവചനശുശ്രൂഷയ്ക്ക് സൊസൈറ്റിയിലൂടെ അവസരം ലഭിച്ചതിലുള്ള അഭിമാനവും സന്തോഷവും മാനേജിംഗ് കൗൺസിൽ അംഗങ്ങൾ പങ്കുവച്ചു.

തുടർന്ന് സെക്രട്ടറിയച്ചൻ കണക്കും ബഡ്ജറ്റും അവതരിപ്പിച്ചു. അംഗങ്ങൾ

ചോദിച്ച സംശയങ്ങൾക്ക് സെക്രട്ടറിയച്ചൻ വിശദീകരണങ്ങൾ നല്കി. അംഗീകരിക്കപ്പെട്ട ബഡ്ജറ്റ് പ്രകാരമാണ് സൊസൈറ്റിയുടെ തുക ചെലവഴിക്കുന്നതെന്ന് സെക്രട്ടറിയച്ചൻ വിശദീകരിച്ചു. പലിശയിനത്തിൽകിട്ടുന്ന തുകയും സംഭാവനകളുമാണ് പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നത്. മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് മെമെന്റോ നല്കുന്നതു നന്നായിരിക്കുമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. അതു നല്ല ആശയമാണെന്നും അതിനുള്ള കാര്യങ്ങൾ ചെയ്യാമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

സെക്രട്ടറിയച്ചൻ വരുന്നവർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ കർമ പദ്ധതികൾ അവതരിപ്പിച്ചു.

1) ബൈബിൾ ഇന്റർലീനിയർ: ബൈബിൾ ആഴമായി പഠിക്കാൻ ആവശ്യമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ ബൈബിൾ സൊസൈറ്റി ശ്രദ്ധവയ്ക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗ്രീക്കുബൈബിളും പി.ഒ.സി. മലയാളം പരിഭാഷയും ചേർത്ത് ഇന്റർലീനിയർ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു.

2) ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുവാൻ വർഷത്തിൽ ഏകദിന പഠനശിബിരവും 2–3 ദിവസത്തെ കോഴ്സും സംഘടിപ്പിക്കുകയും സൊസൈറ്റി അംഗങ്ങൾക്ക് സബ്സിഡി കൊടുക്കുകയും ചെയ്യുക.

3) രൂപതകളിൽ ഒരു ദിവസത്തെ ബൈബിൾ പ്രോഗ്രാം മൾട്ടി–മീഡിയ സഹായത്തോടെ, മാനേജിംഗ് കൗൺസിൽ അംഗങ്ങളെ ഉൾപ്പെടുത്തി നടത്തുക. ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുകയും ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ വിവിധയിടങ്ങളിൽ പരിചയപ്പെടുത്തുകയുമാണ് ലക്ഷ്യം.

ജനറൽബോഡിയുടെ പരിഗണനയ്ക്ക് ഇവ വയ്ക്കുവാൻ യോഗം തീരുമാനിച്ചു.

തുടർന്ന് ഇലക്ഷനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. തിരഞ്ഞെടുക്കപ്പെടാൻ താല്പര്യമുള്ളവർക്ക് സ്വയം മുന്നോട്ടുവരാം, അല്ലെങ്കിൽ ആർക്കെങ്കിലും പേര് നിർദ്ദേശിക്കാവുന്നതാണ്. ഓരോ കാറ്റഗറിയിലുള്ള പ്രാതിനിധ്യം നിയമാവലിയുടെ വെളിച്ചത്തിൽ സെക്രട്ടറിയച്ചൻ വ്യക്തമാക്കി. അംഗങ്ങൾ തന്നെയാണോ വോട്ട് ചെയ്യുന്നത് എന്ന് ഉറപ്പാക്കണമെന്നും കുറഞ്ഞ സമയത്തിനുള്ളിൽ നടപടിക്രമങ്ങൾ തീർക്കാൻ ശ്രദ്ധിക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു. ജനറൽബോഡി മീറ്റിംഗിന്റെ MC ആയി ജിഷ നെല്ലിക്കലിനെ യോഗം നിർദ്ദേശിച്ചു. മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് സമ്മാനമായി 'കരുണയുടെ സുവിശേഷ'വും ഓഡിയോ ബൈബിളിന്റെ ഡി.വി.ഡിയും കൊടുത്തു. മാനേജിംഗ് കൗൺസിലിൽ കഴിഞ്ഞ മൂന്നുവർഷം ആത്മാർത്ഥതയോടെയും ശുഷ്കാന്തിയോടെയും പ്രവർത്തിച്ച എല്ലാവർക്കും സെക്രട്ടറി ജോൺസണച്ചൻ നന്ദി പറഞ്ഞു. വൈകുന്നേരം 5.45ന് യോഗം അവസാനിച്ചു. തുടർന്ന് ചായസല്ക്കാരം ഉണ്ടായിരുന്നു.

**3. വാർഷിക പൊതുയോഗം (16 ജൂലൈ 2016)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി 25–ാമത് ജനറൽബോഡി യോഗം 2016 ജൂലൈ 16ന് ഉച്ചയ്ക്ക് 2.10ന് ചെയർമാൻ സൂസൈപാക്യം പിതാവിന്റെ അധ്യക്ഷതയിൽ പി.ഒ.സിയിൽ മദർ തെരേസ  ഓഡിറ്റോറിയത്തിൽവച്ച് ആലുവ ലിറ്റിൽ ഫ്ളവർ സെമിനാരിയിലെ വിദ്യാർഥികളുടെ ഈശ്വരപ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 160 അംഗങ്ങൾ പങ്കെടുത്തു.

ഇക്കഴിഞ്ഞ ജൂബിലി കാലഘട്ടങ്ങളിൽ വ്യത്യസ്തമായ മേഖലകളിൽ വലിയ പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിച്ചത് പിതാവിന്റെ പിന്തുണയും മുൻസെക്രട്ടറി ജോഷിയച്ചന്റെ ശക്തമായ നേതൃത്വവും മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ പൂർണസഹകരണവും ഉള്ളതുകൊണ്ടാണെന്നു വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം തന്റെ സ്വാഗതപ്രസംഗത്തിൽ പറഞ്ഞു. അഭിവന്ദ്യ സൂസൈപാക്യം പിതാവിനും വേദിയിലുള്ളവർക്കും യോഗത്തിൽ സന്നിഹിതരായവർക്കും അദ്ദേഹം സ്വാഗതമാശംസിച്ചു. തുടർന്ന് ബൈബിൾ സൊസൈറ്റിയിൽനിന്ന് ഇക്കഴിഞ്ഞവർഷം മരണംമൂലം വേർപ്പെട്ടുപോയവരെ, പ്രത്യേകിച്ച് മാനേജിംഗ് കൗൺസിൽ അംഗമായിരുന്ന

അഡ്വ. റോഷറിനെ അനുസ്മരിച്ചുകൊണ്ട് അഭിവന്ദ്യ സൂസൈപാക്യം പിതാവ് പ്രാർഥനാ ശുശ്രൂഷ നടത്തി.

കേരളസഭ വളരെ അഭിമാനത്തോടുകൂടിയാണ് ബൈബിൾ സൊസൈറ്റിയെ നോക്കികാണുന്നത്. അർപ്പണമനോഭാവത്തോടെ വളരെ നല്ലകാര്യങ്ങൾ ആസൂത്രണം ചെയ്ത് അതുമായി മുന്നോട്ടു പോകുന്ന അല്മായർ ഉള്ളതാണ് ബൈബിൾ സൊസൈറ്റിയുടെ വിജയം. ഈ യോഗത്തിന്റെ മുഖ്യ അജണ്ട തിരഞ്ഞെടുപ്പാണെന്നും ബൈബിൾ സൊസൈറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് ഒരു ദൈവവിളിയാണെന്നും ദൈവം ഏല്പിക്കുന്ന ജോലി ചെയ്യാൻ പരിശുദ്ധാത്മാവിന്റെ നിറവും ഹൃദയവിശുദ്ധിയുമുള്ള ഏവർക്കും സാധിക്കുമെന്നും പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. വചനം ജനങ്ങളിലെത്തിക്കാൻ സൊസൈറ്റിയിലെ അംഗങ്ങൾ മുന്നിട്ടിറങ്ങണമെന്നും കൂട്ടായപ്രവർത്തനങ്ങളിലൂടെ സൊസൈറ്റി ബൈബിൾ പ്രേഷിതത്വത്തിൽ പുതിയ അധ്യായം തുറക്കണമെന്നും പിതാവ് ആഹ്വാനം ചെയ്തു.

കേരളസഭയിൽ ബൈബിൾ സൊസൈറ്റി നല്കുന്ന നേതൃത്വം അഭിമാനകരമാണെന്നും ഗൾഫ് രാജ്യങ്ങളിൽ ബൈബിൾ കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ, ഡിജിറ്റൽ സംവിധാനത്തിലൂടെ എവിടെയും ബൈബിൾ വായിക്കാൻ സംവിധാനങ്ങൾ ഒരുക്കി എന്നത് ബൈബിൾ സൊസൈറ്റിയുടെ വലിയ നേട്ടമാണെന്നും റവ. ഫാ. വർഗീസ് വള്ളിക്കാട്ട് തന്റെ ആശംസാപ്രസംഗത്തിൽ പറഞ്ഞു.

മുൻ വാർഷിക റിപ്പോർട്ട് സെക്രട്ടറിയച്ചനും പ്രവർത്തന റിപ്പോർട്ട് ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലും വായിച്ചു. യോഗം അതു പാസാക്കി. തുടർന്ന് ശ്രീ. പി.സി. വർഗീസ് വാർഷിക കണക്ക് അവതരിപ്പിച്ചു. കണക്കിനെക്കുറിച്ചുള്ള ചില സംശയങ്ങൾ ശ്രീ. ജോസഫ്, ശ്രീ. തമ്പി, അഡ്വ. ജോസി സേവ്യർ എന്നിവർ ചൂണ്ടിക്കാട്ടി. പലിശയെക്കുറിച്ചുള്ള വിവരങ്ങൾ ഓഡിറ്റർ വ്യക്തമാക്കി. വരവുവച്ചിരിക്കുന്നത് കിട്ടേണ്ട പലിശയാണെന്നും, ദീർഘകാലത്തേക്കിട്ടിരിക്കുന്ന ഡെപ്പോസിറ്റിന്റെ പലിശ പിന്നീടുമാത്രമാണ് നമുക്ക് ലഭിക്കുകയെന്നും അദ്ദേഹം വ്യക്തമാക്കി. ഓഫീസ് സ്റ്റാഫിന്റെ ശമ്പളത്തെപ്പറ്റിയുള്ള ചോദ്യത്തിന് ഈ വർഷവും ശമ്പളവർധനവ് നടത്തിയിട്ടുണ്ടെന്നു മറുപടി നല്കി. തുടർന്ന് സെക്രട്ടറിയച്ചൻ ബഡ്ജറ്റ് അവതരിപ്പിച്ചു. കണക്കും ബഡ്ജറ്റും യോഗം പാസാക്കി. കഴിഞ്ഞവർഷം സൊസൈറ്റി ചെയ്തിരുന്ന കാര്യങ്ങൾ തുടരുവാനും സൈൻ ബൈബിൾ, ബ്രെയ്‌ലി ബൈബിൾ എന്നീ പ്രോജക്റ്റുകൾ പൂർത്തിയാക്കുവാനും യോഗം അനുവാദം നല്കി. സൊസൈറ്റിയുടെ ഓഡിറ്ററായ ശ്രീ. പി.സി. വർഗീസിനെ യോഗം വീണ്ടും ഓഡിറ്ററായി നിയമിച്ചു.

പുതിയതായി വിഭാവനം ചെയ്യുന്ന കാര്യങ്ങൾ സെക്രട്ടറിയച്ചൻ വിശദീകരിച്ചു.

1) ബൈബിൾ ഇന്റർലീനിയർ: ബൈബിൾ ആഴമായി പഠിക്കാൻ ആവശ്യമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ ബൈബിൾ സൊസൈറ്റി ശ്രദ്ധവയ്ക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗ്രീക്കുബൈബിളും പി.ഒ.സി. മലയാളം പരിഭാഷയും ചേർത്ത് ഇന്റർലീനിയർ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു.

2) ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുവാൻ വർഷത്തിൽ ഏകദിന പഠനശിബിരങ്ങളും 2-3 ദിവസത്തെ കോഴ്സും സംഘടിപ്പിക്കുകയും സൊസൈറ്റി അംഗങ്ങൾക്ക് സബ്സിഡി കൊടുക്കുകയും ചെയ്യുക.

3) രൂപതകളിൽ ഒരു ദിവസത്തെ ബൈബിൾ പ്രോഗ്രാം മൾട്ടി-മീഡിയ സഹായത്തോടെ, മാനേജിംഗ് കൗൺസിൽ അംഗങ്ങളെ ഉൾപ്പെടുത്തി നടത്തുക. ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുകയും ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ വിവിധയിടങ്ങളിൽ പരിചയപ്പെടുത്തുകയുമാണ് ലക്ഷ്യം.

യോഗാംഗങ്ങൾ ഈ നിർദേശങ്ങൾ അംഗീകരിച്ചു.

തുടർന്ന് തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള കാര്യങ്ങൾ സെക്രട്ടറിയച്ചൻ വിശദീകരിച്ചു. തിരഞ്ഞെടുപ്പ് നടത്താൻ റവ. ഫാ. സാജു കുത്തോടിപുത്തൻപുരയിലിനെ ഭരമേല്പിച്ചു. അച്ചനെ സഹായിക്കുവാൻ സെമിനാരി വിദ്യാർഥികളും ഉണ്ടായിരുന്നു. മാനേജിംഗ് കൗൺസിലിലേക്കുള്ള വോട്ടുകൾ ഹാളിൽവച്ചുതന്നെ എണ്ണി. സൂസൈപാക്യം പിതാവ് വിജയികളെ പ്രഖ്യാപിച്ചു.

മാനേജിംഗ് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ വോട്ടുകൾ എണ്ണുന്ന സമയത്ത് പൊതുയോഗനടപടികൾ തുടർന്നു. കഴിഞ്ഞവർഷം സൊസൈറ്റിയിലേക്ക് ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത രൂപതയ്ക്കുള്ള മാർ ജോസഫ് പള്ളിക്കാപറമ്പിൽ അവാർഡിന് വരാപ്പുഴ അതിരൂപത അർഹമായി. ഏറ്റവും കൂടുതൽ അംഗങ്ങളെ സൊസൈറ്റിയിലേക്ക് ചേർത്തതിനും ഏറ്റവു കൂടുതൽ തുക സമാഹരിച്ചതിനുമുള്ള ക്യാഷ് അവാർഡ് ശ്രീമതി ജാൻസി ജേക്കബ് പിതാവിൽനിന്ന് ഏറ്റുവാങ്ങി. തുടർന്ന് രജതജൂബിലി സ്മരണിക സൂസൈപാക്യം പിതാവ് പ്രകാശനം ചെയ്തു. ഇതിനായി നേതൃത്വം നല്കിയ ചീഫ് എഡിറ്റർ ശ്രീ. സാബു ജോസിനെയും ശ്രീ. ആന്റണി പാലിമറ്റത്തിനെയും സഹകരിച്ച എല്ലാവരെയും പിതാവ് അഭിനന്ദിച്ചു.

തുടർന്ന് 2013-2016 വർഷങ്ങളിൽ ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ അംഗങ്ങളായും എക്സിക്യൂട്ടിവ് അംഗങ്ങളായും സേവനമനുഷ്ഠിച്ചവർക്ക് മെമെന്റോ നല്കി ആദരിച്ചു.

പൊതുവായ ചർച്ചകളായിരുന്നു പിന്നീട് നടന്നത്. ബുള്ളറ്റിൻ പ്രിന്റു ചെയ്യുമ്പോൾ മാനേജിംഗ് കൗൺസിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ, ബൈബിൾ അംബാസിഡർമാർ എന്നിവരുടെ പേരു പ്രിന്റു ചെയ്യുന്നതു നല്ലതായിരിക്കുമെന്ന് അഭിപ്രായമുയർന്നു. സ്റ്റഡി ബൈബിൾ ഇറക്കുന്നതു നല്ലതായിരിക്കുമെന്നും അത് എല്ലാവർക്കും വളരെ പ്രയോജനപ്രദമായിരിക്കുമെന്നും ശ്രീ. അഗസ്റ്റിൻ ബിജു അഭിപ്രായപ്പെട്ടു. സ്റ്റഡി ബൈബിളിന്റെ ജോലി നടന്നുകൊണ്ടിരിക്കുകയാണെന്നും 'കരുണയുടെ സുവിശേഷം' എന്ന പേരിൽ ലൂക്കായുടെ സുവിശേഷം പുറത്തിറങ്ങിയെന്നും പുതിയനിയമത്തിന്റെ പരിഷ്കരിച്ചപതിപ്പ് പഠനബൈബിളായി അധികം താമസിയാതെ പുറത്തിറങ്ങുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

കഴിഞ്ഞവർഷം മെമ്പർഷിപ്പിനത്തിൽ തുക കുറഞ്ഞത് എന്തുകൊണ്ടാണെന്ന ചോദ്യത്തിന്, സെക്രട്ടറിയച്ചൻ വിശദീകരണം നല്കി. ജൂബിലിവർഷം മെമ്പർഷിപ്പ് കാമ്പെയിൻ ഉണ്ടായിരുന്നതുകൊണ്ടാണ് കൂടുതൽപേരെ ചേർക്കുവാൻ കഴിഞ്ഞത്. കഴിഞ്ഞ ജനറൽബോഡിയിൽ ചർച്ച ചെയ്ത് തീരുമാനിച്ചതനുസരിച്ച് കഴിഞ്ഞവർഷം മെമ്പർഷിപ്പിനായി അധികശ്രമം ഉണ്ടാകാതിരുന്നതിനാലാണ് തുകയിൽ കുറവു വന്നത്. തലേവർഷം 38 ലക്ഷത്തോളം തുക മെമ്പർഷിപ്പ് കാമ്പെയിനിൽ കിട്ടിയത് ഇൻസ്റ്റിറ്റ്യൂഷൻ മെമ്പർഷിപ്പ് ഏറെ കിട്ടിയതു കൊണ്ടാണെന്ന് ശ്രീമതി ജാൻസി ജേക്കബ് അറിയിച്ചു.

പി.ഒ.സി ബൈബിളിന്റെ ഇംഗ്ലീഷും മലയാളവും ചേർന്ന ബൈബിൾ ഇറക്കുന്നതു നല്ലതായിരിക്കുമെന്നു ശ്രീ. ബാബു അഭിപ്രായപ്പെട്ടു. ഇംഗ്ലീഷ് ബൈബിൾ ഇറക്കുവാൻ പി.ഒ.സി.ക്കു അനുവാദമില്ലെന്നും എന്നാൽ ഗ്രീക്ക്, ഇംഗ്ലീഷ്, മലയാളം ചേർന്നുള്ള ഇന്റർലീനിയർ ബൈബിളിന്റെ ജോലി ഉടൻ ആരംഭിക്കുമെന്നു സെക്രട്ടറിയച്ചൻ അറിയിച്ചു.

ബൈബിൾ ചിത്രകഥകളും കലണ്ടറും ഇറക്കുന്നത് നല്ലതാണെന്ന ആശയത്തിന്, മൈക്കിൾ കാരിമറ്റം അച്ചന്റെ ബൈബിൾ ചിത്രകഥകൾ ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും കലണ്ടർ എല്ലാവർഷത്തേയുംപോലെ ഈ വർഷവും ഇറക്കുമെന്നും അച്ചൻ കൂട്ടിച്ചേർത്തു.

ക്രിസ്തീയ വിശ്വാസങ്ങളുടെമേലുള്ള മറ്റു മതങ്ങളുടെ കടന്നുകയറ്റമായിരുന്നു പിന്നെ ചർച്ചയ്ക്കുവന്നത്. ബൈബിൾ അടിസ്ഥാനമാക്കി ഉത്തരങ്ങൾ ഉൾക്കൊള്ളിച്ച് ചെറിയ ബുക്കുകൾ പി.ഒ.സി.യുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ടെന്നും ഇവിടെയുള്ള ബൈബിൾ പണ്ഡിതന്മാർ ഇതിൽ സഹകരിക്കുന്നുവെന്നും സെക്രട്ടറിയച്ചൻ വ്യക്തമാക്കി.

ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ പിതാവിനും വേദിയിലിരിക്കുന്നവർക്കും എല്ലാ അംഗങ്ങൾക്കും സ്റ്റാഫിനും കൃതജ്ഞതയർപ്പിച്ചു. യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും പുതിയനിയമ പഠനസഹായി എന്ന പുസ്തകം സമ്മാനമായി നല്കുകയുണ്ടായി. യോഗനടപടിക്ക് എം.സി ആയിരുന്നത് ശ്രീമതി ജിഷ ജോസഫ് ആയിരുന്നു. വൈകിട്ട് 7.30 ന് യോഗം അവസാനിച്ചു. യോഗത്തിനി

ടയ്ക്ക് ചായസല്ക്കാരവും ഉണ്ടായിരുന്നു.

**പ്രവർത്തനസമിതി**

ചെയർമാൻ: ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം
വൈസ് ചെയർമാൻ: ശ്രീ. ആന്റണി പാലിമറ്റം
സെക്രട്ടറി: റവ. ഡോ. ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി.
ജോയിന്റ് സെക്രട്ടറി: ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ
ട്രഷറർ: റവ. സി. ആൽഫി സി.റ്റി.സി.

**എക്സിക്യൂട്ടിവ് കമ്മിറ്റി മറ്റ് അംഗങ്ങൾ**

റവ. ഫാ. വർഗീസ് വള്ളിക്കാട്ട്; റവ. ഫാ. സ്റ്റാൻലി മാതിരപ്പിള്ളി; റവ. ഫാ. പ്രസാദ് തെരുവത്ത്; ശ്രീ. ജോസഫ് പന്തപ്ലാക്കൽ; ശ്രീ. ആന്റണി സച്ചിൻ; ശ്രീമതി ജാൻസി ജേക്കബ്; ശ്രീമതി കൊച്ചുത്രേസ്യാ വി.എ; ശ്രീമതി മോളി തോമസ്; ഡോ. ജോസ് കല്ലറക്കൽ

**മാനേജിംഗ് കൗൺസിൽ മറ്റ് അംഗങ്ങൾ**

1. രൂപതാബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ; 2. റവ. ഫാ. വർഗീസ് മുണ്ടക്കൽ ഒ എഫ് എം കപ്പുച്ചിൻ; 3. ഫാ. ആന്റണി കണ്ണംപ്പിള്ളി സി. എസ്. ടി.; 4. ശ്രീ. ബിജോയ് കെ. മത്തായി; 5. ശ്രീ. ഡാൽഫിൻ റ്റി. എ; 6. ശ്രീമതി ലില്ലി ജോസ് കല്ലറക്കൽ; 7. ശ്രീ. ഡേവിസ് എം പോൾ; 8. അഡ്വ. ജോസി സേവ്യർ; 9. ശ്രീമതി ടെർസിറ്റ ക്ലീറ്റസ്; 10. ശ്രീ. ഫ്രാൻസിസ് സേവ്യർ പി. എ; 11. ശ്രീ. മോഹനൻ പിള്ള അമർ; 12. ശ്രീ. സെബാസ്റ്റ്യൻ പി. വി.; 13. ശ്രീ. അഗസ്റ്റിൻ ബിജു; 14. ശ്രീമതി ആലീസ്കുട്ടി സി.സി.; 15. ശ്രീമതി അന്നമ്മ ജോസഫ് (ലൂസി); 16. ശ്രീമതി ജിഷ ജോസഫ്; 17. ഫാ. തോമസ് തറയിൽ; 18. ശ്രീ. ബേബി മുണ്ടക്കൽ; 19. ശ്രീ. ബിനു എസ്.; 20. ശ്രീ. മാത്യു പ്ലാത്തോട്ടം; 21. ശ്രീ. തോമസ് ജോൺ തേവരത്ത്; 22. ശ്രീ. ജോർജ് ജോസഫ്; 23. ശ്രീമതി മേരി ജോൺ; 24. ശ്രീ. മാർട്ടിൻ എ. ജെ

**4. എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം (20.08.2016)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 20.08.2016ന് രാവിലെ 11.45ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ശ്രീമതി ജാൻസി ജേക്കബിന്റെ ഈശ്വരപ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 10 അംഗങ്ങൾ പങ്കെടുത്തു. 2016–2019 കാലയളവിലേക്ക് എക്സിക്യൂട്ടിവ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങൾക്കും ശ്രീ. ആന്റണി സച്ചിൻ സ്വാഗതമാശംസിച്ചു. ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ പുതിയ എക്സിക്യൂട്ടിവ് അംഗങ്ങളെയും ഈ ടേമിൽ തുടരുന്ന അംഗങ്ങളെയും അനുമോദിച്ചു. മുടങ്ങാതെയുള്ള പങ്കാളിത്തവും സജീവ ചർച്ചയും കൂട്ടുത്തരവാദിത്വവും നമ്മുടെ ലക്ഷ്യമായിരിക്കണമെന്നും ബൈബിൾ പ്രേഷിതത്വത്തിന് സമയം ചെലവഴിക്കാൻ തയ്യാറാകണമെന്നും വൈസ് ചെയർമാൻ ഓർമിപ്പിച്ചു.

മുൻയോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗം അത് പാസാക്കി. തുടർന്ന് യോഗാംഗങ്ങൾ സ്വയം പരിചയപ്പെടുത്തി.

ഇപ്പോഴുള്ള ട്രഷറർ സി. ആൽഫി സി.റ്റി.സിക്ക് യാത്രയയപ്പും, പുതിയ ട്രഷററായി മുമ്പ് ഇവിടെ സേവനമനുഷ്ഠിച്ചിരുന്ന സി. ആഗ്നസ്സ് സി.റ്റി.സിയുടെ ട്രഷററായുള്ള നിയമനവും അടുത്ത മാനേജിംഗ് കൗൺസിൽ യോഗത്തിൽ നടത്താമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

**ലോഗോസ് ക്വിസ് 2016:** ഇത്തവണയും നല്ല രീതിയിലുള്ള റെജിസ്ട്രേഷൻ ഉണ്ടായിരുന്നെന്നും, മാൻഡ്യ, സുൽത്താൻപെട്ട് എന്നീ രൂപതകൾ പുതുതായി ചേർന്നെന്നും ഈ വർഷവും ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ ഭാഷകളിൽ ചോദ്യപേപ്പർ തയ്യാറാക്കുന്നുവെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**സെപ്റ്റംബർ 25:** മാനേജിംഗ് കൗൺസിലിൽനിന്ന് രണ്ടോ മൂന്നോ പേരുള്ള ടീം പരീക്ഷാദിവസം ഏതാനും പള്ളികളിൽ പരീക്ഷാകേന്ദ്രങ്ങൾ സന്ദർശിക്കുകയും പരീക്ഷാദൃശ്യങ്ങൾ പകർത്തുകയും പരീക്ഷയെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങളും ശേഖരിക്കുകയും ചെയ്യാനും എക്സിക്യൂട്ടിവ് – മാനേജിംഗ് കൗൺസിൽ അംഗങ്ങളെ തിരിച്ചറിയുന്നതിനായി ഓഫീസിൽനിന്ന് ഫോട്ടോ പതിച്ച ഐ.ഡി കാർഡ് എല്ലാവർക്കും നല്കുവാനും തീരുമാനമായി.

**നവംബർ 20:** സംസ്ഥാനതല പരീക്ഷ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു മേഖലകളിലായാണ് നടത്തുന്നത്. പരീക്ഷയെത്തുടർന്ന്, പങ്കെടുത്ത എല്ലാവർക്കും അവിടെവച്ച് തന്നെ സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്.

**നവംബർ 26–27:** ഓരോ രൂപതയിലെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിക്കുന്ന ഫാമിലി ടീമുകൾക്കായി നവംബർ 26–ാം തീയതി രാവിലെ പി.ഒ.സിയിൽ ഫൈനൽ പരീക്ഷയും ഉച്ചകഴിഞ്ഞ് ഇവരുടെ ഗ്രാന്റ് ഫിനാലെ ടെലിക്വിസും ഉണ്ടായിരിക്കും. ലോഗോസ് ക്വിസിലെ പ്രതിഭാഫൈനലിന്റെ മീഡിയാ റൗണ്ട് 26–ാം തീയതിയും ഗ്രാന്റ് ഫിനാലെ ടെലിക്വിസ് 27–ാം തീയതി ഉച്ചകഴിഞ്ഞും നടക്കും.

**ബൈബിൾ പഠന കോഴ്സ്:** ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കാൻവേണ്ടി ബൈബിൾ സൊസൈറ്റി ഏകദിനക്ലാസും ദ്വിദിന ക്ലാസുകളും ആരംഭിക്കുന്നു. സൊസൈറ്റി അംഗങ്ങൾക്ക് ഏകദിന പഠനശിബിരത്തിൽ സൗജന്യമായും ദ്വിദിന പഠനശിബിരത്തിലേക്ക് 50% സബ്സിഡി നിരക്കിലും പങ്കെടുക്കാവുന്നതാണ്.

**ബൈബിൾ അംബാസിഡർ:** ഒരു ലക്ഷം രൂപ ബൈബിൾ സൊസൈറ്റിയിലേക്ക് സംഭാവന ചെയത് കഴിഞ്ഞ വർഷം പത്തുപേർ ബൈബിൾ അംബാസിഡർ മാരായിരുന്നു. ഇതു തുടരാവുന്നതാണ് എന്ന അഭിപ്രായമുണ്ടായി. അവരെ ജനറൽ ബോഡിയിലും മറ്റ് വേദികളിലും ആദരിക്കുമെന്നും കൂടുതൽപേരെ ഇതിലേക്ക് കൊണ്ടുവരണമെന്നും വൈസ് ചെയർമാൻ പറഞ്ഞു.

**ഓഡിയോ ബൈബിൾ:** മൊബൈൽ മെമ്മറി കാർഡ് രൂപത്തിൽ ഇറക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടെന്നും, ഇതിൽനിന്നു ലഭിക്കുന്ന ലാഭം സൗജന്യബൈബിൾ പദ്ധതിക്ക് ഉപയോഗിക്കാമെന്നും സെക്രട്ടറിയച്ചൻ നിർദ്ദേശിച്ചു.

**ബ്രെയ്‌ലി ബൈബിൾ:** കാഴ്ച വൈകല്യമുള്ളവർക്കുള്ള ബൈബിൾ അച്ചടിക്ക് തയ്യാറായിട്ടുണ്ട്. അച്ചടി കഴിഞ്ഞ് അന്ധവിദ്യാലയങ്ങളിൽ ഇതിന്റെ കോപ്പികൾ എക്സിക്യൂട്ടിവ് അംഗങ്ങളുടെ നേതൃത്വത്തിൽ സമ്മാനിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായമുണ്ടായി.

**സുവനീർ:** സുവനീറിന്റെ കോപ്പികൾ ജനറൽ ബോഡിയിൽ പങ്കെടുക്കുന്നവർ, എക്സിക്യൂട്ടിവ് – മാനേജിംഗ് കൗൺസിൽ അംഗങ്ങൾ, രൂപതാധ്യക്ഷൻമാർ, 10000, 20,000 എന്നീ അംഗത്വമുള്ളവർ, ഇടവക മെമ്പർഷിപ്പുള്ളവർ, സ്ഥാപന മെമ്പർഷിപ്പുള്ളവർ, ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ തുടങ്ങിയവർക്ക് കൊടുക്കാമെന്നും ഇതിനായി 2.5 ലക്ഷം വരെ ചെലവാക്കാമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

**വെബ്സൈറ്റ് നവീകരണം:** ബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റ് നവീകരിക്കേണ്ടതാണെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിയെ നവീകരണ ചുമതലയേല്പിച്ചിട്ടുണ്ടെന്നും അത് സ്വീകാര്യമല്ലെങ്കിൽ വേറെ ആരെയെങ്കിലും ചുമലതപ്പെടുത്താമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

**കലണ്ടർ:** കലണ്ടറിനായി രണ്ടു ലക്ഷത്തിലധികം രൂപ ചെലവു വരുമെന്നും, ഇത് പരസ്യമിനത്തിൽ കണ്ടെത്തുന്നത് നല്ലതായിരിക്കുമെന്നും സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു. വിശ്വാസത്തിന് എതിരല്ലാത്ത വ്യക്തികളിൽനിന്നോ, സംഘടനകളിൽനിന്നോ, സ്ഥാപനങ്ങളിൽനിന്നോ, സെമിനാരി, കോൺവെന്റ് എന്നിവിടങ്ങളിൽ നിന്നോ പരസ്യം സ്വീകരിക്കാവുന്നതാണെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

**പഴയ ബൈബിൾ:** 'ഫിയാത്ത്' പോലുള്ള സംഘടനകളിലൂടെ പഴയ ബൈബിൾ തിരികെ വാങ്ങി പുതിയ ബൈബിൾ സബ്സിഡി നിരക്കിൽ കൊടുക്കുന്നത് വളരെ നല്ലതാണെന്നു യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇക്കാര്യം നന്നായി പഠിക്കേണ്ടതുള്ളതിനാൽ ഒരു കമ്മിറ്റിയെ രൂപീകരിച്ചു. ശ്രീമതി ജാൻസി ജേക്കബും ഡോ. ജോസ് കല്ലറയ്ക്കലും മാനേജിംഗ് കൗൺസിലിൽനിന്ന് തിരഞ്ഞെടുക്കുന്ന അംഗങ്ങളുമായിരിക്കും കമ്മിറ്റിയംഗങ്ങൾ.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീമതി കൊച്ചുത്രേസ്യാ സൈമൺ കൃതജ്ഞതയർപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിക്ക് സമാപിച്ചു. തുടർന്ന് ഉച്ചഭക്ഷണം ഉണ്ടായിരുന്നു.

**5. മാനേജിംഗ് കൗൺസിൽ യോഗ റിപ്പോർട്ട് (20.08.2016)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 20.08.2016ന് ഉച്ചയ്ക്ക് 2.10ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ശ്രീമതി മോളി തോമസിന്റെ ഈശ്വരപ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 33 അംഗങ്ങൾ പങ്കെടുത്തു.

2016–2019–ലെ മാനേജിംഗ് കൗൺസിലംഗങ്ങളുടെ ആദ്യയോഗമാണിതെന്നും കഴിഞ്ഞവർഷം ജൂബിലിവർഷമായിരുന്നെങ്കിൽ ഇനിയുള്ള വർഷങ്ങൾ സുവർണവർഷമാണെന്നും എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതമാശംസിച്ചു കൊണ്ട് ശ്രീ. ജോസഫ് പന്തപ്ലാക്കൽ സംസാരിക്കുകയുണ്ടായി.

ഈ വർഷത്തെ മാനേജിംഗ് കൗൺസിലംഗങ്ങൾ എന്നും ഒരേ മനസ്സോടെയും ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെയും ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ സൊസൈറ്റിക്ക് അദ്ഭുതകരമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നു വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. മുൻയോഗ റിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗമത് പാസാക്കി.

ട്രഷറർ സി. ആൽഫി സി.റ്റി.സി. തന്റെ ഹ്രസ്വമായ പ്രവർത്തനകാലാവധി പൂർത്തിയാക്കിയതിനാൽ സിസ്റ്ററിന് മാനേജിംഗ് കൗൺസിലിന്റെ പേരിൽ സെക്രട്ടറിയച്ചൻ നന്ദിയർപ്പിച്ചു. സിസ്റ്ററിന് ശ്രീ. ആന്റണി പാലിമറ്റം ബൊക്കയും റവ. ഫാ. വർഗീസ് വള്ളിക്കാട്ട് ഉപഹാരവും നല്കി. സിസ്റ്റർ ആൽഫി എല്ലാവർക്കും നന്ദിപറഞ്ഞു സംസാരിച്ചു. മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന സി. ആഗ്നസ് സി.റ്റി.സിയെ പുതിയ ട്രഷററായി മാനേജിംഗ് കൗൺസിലിൽ നിയമിച്ചു. സിസ്റ്റർ ആഗ്നസിന് ഡയറക്ടറച്ചൻ ബൊക്ക നല്കി സ്വാഗതം നേർന്നു.

മാനേജിംഗ് കൗൺസിലംഗങ്ങൾ സ്വയം പരിചയപ്പെടുത്തിയശേഷം അജണ്ടയിലെ വിഷയങ്ങൾ ചർച്ചയ്ക്കെടുത്തു.

**ലോഗോസ് ക്വിസ് 2016:** സുൽത്താൻപെട്ട്, മാൻഡ്യ എന്നീ രണ്ടു രൂപതകൾ കൂടി പുതുതായി ചേർന്നെന്നും ഈ വർഷവും ഇംഗ്ലീഷ്, മലയാളം, തമിഴ്, എന്നീ ഭാഷകളിലാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നതെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**സെപ്റ്റംബർ 25:** മാനേജിംഗ് കൗൺസിലിൽനിന്ന് രണ്ടോ മൂന്നോ പേരുള്ള ടീം പരീക്ഷാദിവസം ഏതാനും പള്ളികളിൽ പരീക്ഷാകേന്ദ്രങ്ങൾ സന്ദർശിക്കുകയും പരീക്ഷാദൃശ്യങ്ങൾ പകർത്തുകയും പരീക്ഷയെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങളും ശേഖരിക്കുകയും ചെയ്യണം. എക്സിക്യൂട്ടിവ് – മാനേജിംഗ് കൗൺസിൽ അംഗങ്ങളെ തിരിച്ചറിയുന്നതിനായി ഓഫീസിൽ നിന്ന് ഫോട്ടോ പതിച്ച ഐ.ഡി കാർഡ് എല്ലാവർക്കും നല്കുന്നതായിരിക്കും.

**നവംബർ 20:** സംസ്ഥാനതല പരീക്ഷ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു മേഖലകളിലായാണ് നടത്തുന്നത്. പരീക്ഷയെത്തുടർന്ന്, പങ്കെടുത്ത എല്ലാവർക്കും അവിടെവച്ച് തന്നെ സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. എക്സിക്യൂട്ടിവ്–മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിലാണ് പരീക്ഷകൾ നടത്തപ്പെടുന്നത്.

**നവംബർ 26, 27:** ഓരോ രൂപതയിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിക്കുന്ന

ഓരോ കുടുംബത്തെ തിരഞ്ഞെടുത്ത് 26–ാം തീയതി രാവിലെ ഫൈനലും ഉച്ചകഴിഞ്ഞ് ഗ്രാന്റ് ഫിനാലെ ടെലികിസും ഉണ്ടായിരിക്കുമെന്നും ലോഗോസ് ക്വിസിലെ മീഡിയാ ഫൈനൽ പരീക്ഷ 26–ാം തീയതി നടക്കുമെന്നും ഗ്രാന്റ് ഫിനാലെ 27–ാം തീയതിയായിരിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

കഴിഞ്ഞവർഷം ചോദ്യപേപ്പർ രൂപതകളിൽതരുന്നതിൽ കുറവുണ്ടായിരുന്നുവെന്ന് തിരുവനന്തപുരം രൂപത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ അറിയിച്ചു. രൂപതകളിൽനിന്ന് അയയ്ക്കുന്ന ലിസ്റ്റിൽ പറയുന്ന എണ്ണത്തിൽനിന്ന് കൂടുതലാണ് ഇവിടെനിന്ന് അയയ്ക്കുന്നതെന്നും, ഈ പ്രാവശ്യം സെപ്റ്റംബർ ആദ്യംതന്നെ ചോദ്യപേപ്പർ അയയ്ക്കാൻ പ്ലാനിടുന്നു എന്നും ഏതെങ്കിലും തരത്തിൽ കുറവുണ്ടെങ്കിൽ നേരത്തെത്തന്നെ അറിയിക്കണമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

കേരളത്തിനു പുറത്തുനിന്ന് പരീക്ഷയിൽ പങ്കെടുക്കുന്നവരിൽ ഏറ്റവും കൂടുതൽ മാർക്കു കിട്ടുന്ന വ്യക്തിക്ക് ഒരു പ്രത്യേക സമ്മാനം നല്കണമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. അത് നല്ല അഭിപ്രായമാണെന്നും അത് പ്രാവർത്തികമാക്കാമെന്നും രൂപതകളെ ഇത് അറിയിക്കുന്നതായിരിക്കുമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

**ബൈബിൾ പഠനകോഴ്സ്:** ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കാനായി ബൈബിൾ സൊസൈറ്റി ഏകദിന ക്ലാസും ദ്വിദിന ക്ലാസും സംഘടിപ്പിക്കുവാൻ തീരുമാനമായി. ഏകദിന ക്ലാസ് ബൈബിൾ സൊസൈറ്റി അംഗങ്ങൾക്ക് സൗജന്യമായിരിക്കും (ഒരാൾക്ക് ഒരു കൊല്ലത്തിൽ ഒരു പ്രാവശ്യം). ദ്വിദിന ക്ലാസിലേക്ക് 50% സബ്സിഡി നിരക്കിൽ അംഗങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്. മാനേജിംഗ് കൗൺസിൽ–എക്സിക്യുട്ടിവ് കമ്മിറ്റിയംഗങ്ങളുടെ നേതൃത്വത്തിൽ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ മുഖേന ഓരോ രൂപതയിലും ക്ലാസ് സംഘടിപ്പിക്കുന്നതു നല്ലതാണ്.

അക്രൈസ്തവരുടെ ബൈബിളിനെക്കുറിച്ചുള്ള തെറ്റായ പ്രചരണങ്ങളെ നേരിടാൻ ടി.വി. ചാനലുകളിൽ ചോദ്യോത്തര പംക്തി വയ്ക്കുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായമുണ്ടായി. ഇത് യൂ ടൂബ് വഴി പ്രചരിപ്പിക്കുന്നതും നല്ലതാണെന്നും ഇതിന്റെ സി.ഡി. ഇറക്കണമെന്നും ശ്രീ. ഡേവിസ് എം പോൾ അഭിപ്രായപ്പെട്ടു. പി.ഒ.സി.യിൽ ത്രിത്വത്തെക്കുറിച്ചുള്ള ബൈബിൾ പഠനം തയ്യാറായികൊണ്ടിരിക്കുന്നുവെന്നും അത് എല്ലാവർക്കുമായി എത്തിക്കാൻ സാധിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**ഓഡിയോ ബൈബിൾ**: മൊബൈൽ മെമ്മറികാർഡ് രൂപത്തിൽ ഓഡിയോ ബൈബിൾ ഇറക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടെന്നും ഇതിന്റെ വില്പനയിൽനിന്നു ലഭിക്കുന്ന ലാഭം സൗജന്യ ബൈബിളിനായി ഉപയോഗിക്കാവുന്നതാണെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

**ബ്രെയ്‌ലി ബൈബിൾ:** കാഴ്ച വൈകല്യമുള്ളവർക്കുള്ള ബൈബിൾ അച്ചടിക്ക് തയ്യാറായിട്ടുണ്ട്. അച്ചടി കഴിഞ്ഞ് അന്ധവിദ്യാലയങ്ങളിൽ ഇതിന്റെ കോപ്പികൾ എക്സിക്യൂട്ടിവ് അംഗങ്ങളുടെ നേതൃത്വത്തിൽ സമ്മാനിക്കുന്നത് ഉചിതമായിരിക്കും.

**സുവനീർ:** സുവനീറിന് രണ്ടര ലക്ഷത്തോളം രൂപ ചെലവാക്കാമെന്നും. ജനറൽ ബോഡിയിൽ പങ്കെടുക്കുന്നവർ, മുൻ–നിലവിലുള്ള എക്സിക്യുട്ടിവ് – മാനേജിംഗ് കൗൺസിൽ അംഗങ്ങൾ, എല്ലാ പിതാക്കന്മാർ, 10,000/–; 20,000/– രൂപ മെമ്പർഷിപ്പ് ഉള്ളവർ പാരിഷ് – ഇൻസ്റ്റിറ്റ്യൂട്ട് മെമ്പർഷിപ്പ്, ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ എന്നിവർക്കൊക്കെ കൊടുക്കണമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

**സൈൻ ബൈബിൾ:** പരിചയമുള്ളവർക്ക് സൗജന്യമായി കൊടുക്കാമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**ബൈബിൾ അംബാസിഡർ:** ഒരു ലക്ഷം രൂപ ബൈബിൾ സൊസൈറ്റിയിലേക്ക് സംഭാവന ചെയ്ത് അംബാസിഡർമാരാകുന്നതു തുടരാവുന്നതാണ് എന്ന അഭിപ്രായമുണ്ടായി. അവരെ ജനറൽ ബോഡിയിലും മറ്റ് വേദികളിലും ആദരിക്കുമെന്നും കൂടുതൽപേരെ ഇതിലേക്ക് കൊണ്ടുവരണമെന്നും വൈസ്

ചെയർമാൻ പറഞ്ഞു.

**കലണ്ടർ:** കലണ്ടർ പ്രിന്റു ചെയ്യുന്നതിന് വിശ്വാസത്തിന് എതിരല്ലാത്ത വ്യക്തികളിൽനിന്നോ, സംഘടനകളിൽനിന്നോ, സ്ഥാപനങ്ങളിൽനിന്നോ പരസ്യം സ്വീകരിക്കുന്നത് നല്ലതായിരിക്കും. പരസ്യം കണ്ടെത്തുന്ന വ്യക്തികൾക്ക് 15% ഇൻസെൻറ്റീവ് നല്കാമെന്ന് യോഗം തീരുമാനിച്ചു.

**വെബ്സൈറ്റ് നവീകരണം:** ബൈബിൾ സൊസൈറ്റിയുടെ സൈറ്റ് നവീകരിക്കേണ്ടതാണെന്നും ഈ വെബ്സൈറ്റ് ഡിസൈൻ ചെയ്ത വ്യക്തിയോട് പുതിയ പ്ലാൻ സമർപ്പിക്കാൻ പറഞ്ഞിട്ടുണ്ടെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. സൈറ്റ് നവീകരിക്കേണ്ടതാണെന്നും മാനേജിംഗ് കൗൺസിൽ എക്സിക്യൂട്ടിവ് അംഗങ്ങളുടെ പേരും സൈറ്റിൽ ഇടേണ്ടതാണെന്നും യോഗം അഭിപ്രായപ്പെട്ടു. പുതിയ സൈറ്റിൽ എല്ലാം ഉൾപ്പെടുത്തുന്നതാണെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

**പഴയ ബൈബിൾ:** ആളുകളുടെ കൈവശമുള്ള പഴയ ബൈബിൾ സംഭരിച്ച് 'ഫിയാത്ത്' പോലുള്ള സംഘടനകളിലൂടെ ഡിസ്പോസ് ചെയ്ത് പുതിയ ബൈബിൾ സബ്സിഡി നിരക്കിൽ കൊടുക്കുന്നത് വളരെ നല്ലതാണെന്നു യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇതിനെക്കുറിച്ച് കൂടുതൽ പഠിക്കേണ്ടതിനാൽ ഒരു കമ്മിറ്റി രൂപീകരിച്ചു. ഡോ. ജോസ് കല്ലറയ്ക്കൽ, ശ്രീമതി ജാൻസി ജേക്കബ്, ശ്രീമതി ലില്ലി ജോസ്, ശ്രീ. ബേബി മൂക്കൻ, ശ്രീ. അഗസ്റ്റിൻ ബിനു, ശ്രീ. മാർട്ടിൻ, ശ്രീ. മോഹനൻ പിള്ള എന്നിവർ ഇതിനായി മുന്നോട്ടുവന്നു.

**ജറുസലേം തീർത്ഥാടനം:** ജറുസലേം തീർത്ഥാടനം ഇന്ന് നിരവധി പേർ നടത്തുന്നതിനാൽ, ബൈബിൾ പണ്ഡിതരുമായി സഹകരിച്ച് വ്യത്യസ്തമായി സ്റ്റഡി ടൂർപോലെ വരും വർഷങ്ങളിൽ നടത്തുന്നതിനെക്കുറിച്ച് ആലോചനയുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. അത് വളരെ നല്ലതാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

ഡോ. ജോസ് കല്ലറയ്ക്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. യോഗം വൈകീട്ട് 4.20ന് അവസാനിച്ചു. തുടർന്ന് ചായസത്കാരം ഉണ്ടായിരുന്നു.

**6 എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം (04 നവംബർ 2016)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 04.11.2106ന് ഉച്ചയ്ക്ക് 2.00ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ സി. ആഗനസ് സി.റ്റി.സിയുടെ ഈശ്വരപ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 11 അംഗങ്ങൾ പങ്കെടുത്തു.

യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് ശ്രീ. ജോസഫ് പന്തപ്ലാക്കൽ സംസാരിച്ചു. ബൈബിൾ സൊസൈറ്റിയുടെ കഴിഞ്ഞ വർഷത്തേതു പോലെയുള്ള പ്രതിഭാ ലോഗോസ് ക്വിസും ഈ വർഷത്തെ പുതുമയായ മൂന്നു മേഖലകളിലുള്ള ലോഗോസ് മത്സരവും ഫാമിലിയ ക്വിസും വിജയകരമാക്കാൻ എല്ലാവരുടെയും പൂർണപങ്കാളിത്തം ഉണ്ടാവണമെന്നു വൈസ് ചെയർമാൻ തന്റെ അധ്യക്ഷപ്രസംഗത്തിൽ ആഹ്വാനം ചെയ്തു. തുടർന്ന് മുൻയോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗമത് പാസാക്കി.

ഈ വർഷത്തെ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗ പ്രതിഭാ അവാർഡ് റവ. ഡോ. മൈക്കിൾ കാരിമറ്റത്തിനാണെന്നും, ഈ അവാർഡിനുള്ള ജൂറി അംഗങ്ങൾ ഡോ. പോൾ കല്ലുവീട്ടിൽ സി.എം. ഐ; ഡോ. ആന്റണി തേറാത്ത്; ഡോ. ജേക്കബ് നാലുപറയിൽ എന്നിവരായിരുന്നെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ഡോ. മൈക്കിൾ കാരിമറ്റത്തിന്റെ 'നസറത്തിൽ നിന്ന് ഒരു പ്രവാചകൻ' എന്ന കൃതിയാണ് അവാർഡിന് അർഹമായത്.

അവാർഡ്ദാനം തലശ്ശേരിയിൽ കലോത്സവവേദിയിൽ വച്ച് നടത്തുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായമുണ്ടായി. സാധിക്കുമെങ്കിൽ പി.ഒ.സിയിൽ വച്ചു തന്നെ നടത്തുന്നതാണ് നല്ലതെന്ന അഭിപ്രായവും ഉയർന്നുവന്നു. പിതാക്കന്മാരുടെ

സൗകര്യം ആരാഞ്ഞ് ലോഗോസിനോടനുബന്ധിച്ച് അവാർഡുദാന ചടങ്ങ് സംഘടിപ്പിക്കാൻ ശ്രമിക്കാമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

**ലോഗോസ് ക്വിസ് 2016**: നവംബർ 20ന് മൂന്ന് മേഖലകളിലായി (കോഴിക്കോട്, എറണാകുളം, കൊല്ലം) ലോഗോസ് സെമിഫൈനൽ പരീക്ഷ നടക്കുന്നു. ഓരോ മേഖലകളിലേക്ക് സെക്രട്ടറിയച്ചന്റെയും വൈസ് ചെയർമാന്റെയും ജോയിന്റ് സെക്രട്ടറിയുടെയും മേല്നോട്ടത്തിൽ ടീം പോകുന്നു.

**ഫാമിലിയ ക്വിസ് 2016 & ഗ്രാന്റ് ഫിനാലെ:** 26-ാം തീയതി ആയിരിക്കും ഫാമിലി ക്വിസ് ഫൈനൽ. 10.30A.M മുതൽ ലോഗോസ് പ്രതിഭയ്ക്കുവേണ്ടിയുള്ള 6 ഗ്രൂപ്പുകളിലായി മീഡിയ റൗണ്ട് പരീക്ഷകൾ നടക്കും. ലോഗോസ് പ്രതിഭ സമ്മാനദാനം പ്രമുഖ അല്മായനേതാക്കളെക്കൊണ്ടും കൊടുപ്പിക്കാമെന്നു ആശയം ഉയർന്നുവരികയും പല വിശിഷ്ട വ്യക്തികളുടെ പേരുകൾ യോഗാംഗങ്ങൾ നിർദേശിക്കുകയും ചെയ്തു.

2016 സെപ്റ്റംബർ 25ന് നടന്ന ലോഗോസ് ക്വിസ് രൂപതാതല പരീക്ഷയിൽ പരീക്ഷാകേന്ദ്രം സന്ദർശിച്ച അംഗങ്ങൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. സന്ദർശിച്ചവർക്കും പരീക്ഷ എഴുതിയർക്കും നല്ല അനുഭവമായിരുന്നെന്ന് എല്ലാവരും പറഞ്ഞു. പരീക്ഷാനടത്തിപ്പിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അംഗങ്ങൾ പങ്കുവച്ചു. ചെന്നിടങ്ങളിലെല്ലാം അടുത്തവർഷം കുറെക്കൂടി ഊർജ്ജസ്വലമായി പരീക്ഷ സംഘടിപ്പിക്കാമെന്ന് പറഞ്ഞതായി കൗൺസിൽ അംഗങ്ങൾ പറഞ്ഞു. ഇതുപോലെ മാനേജിംങ്ങ് കൗൺസിൽ അംഗങ്ങൾ മറ്റു സ്ഥലങ്ങൾ സന്ദർശിക്കുന്നത് മത്സരം കുറെക്കൂടി ശക്തിപ്പെടുത്തുവാൻ സഹായിക്കുമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

**വെബ്സൈറ്റ് അപ്പ്ഡേറ്റ്:** ബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റ് പുതുക്കുന്നതിനുള്ള ക്വട്ടേഷൻ സെക്രട്ടറിയച്ചൻ എല്ലാവരെയും കാണിച്ചു. ഈ ക്വട്ടേഷനെക്കുറിച്ച് കൂടുതൽ പഠിക്കണമെന്നും മറ്റുള്ളവരിൽനിന്നും ക്വട്ടേഷൻ വാങ്ങിക്കണമെന്നും അവർ ചെയ്യേണ്ടകാര്യങ്ങളിൽ വ്യക്തത വേണമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

**കലണ്ടർ:** 2017ലെ കലണ്ടറിലേക്ക് പരസ്യം ഒന്നും തന്നെ കിട്ടിയില്ലെന്നും, അതിനാൽ ഈ വർഷം കഴിഞ്ഞ വർഷത്തെപോലെ പരസ്യമില്ലാതെതന്നെ കലണ്ടർ അച്ചടിക്കുന്നതായിരിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**പഴയബൈബിൾ:** പഴയബൈബിളും പഴയപ്രാർഥനബുക്കുകളും സംഭരിക്കുന്നതിനും പുതിയ ബൈബിൾ കൊടുക്കുന്നതിനും രൂപതാ ഡയറക്ടർമാർക്ക് വലിയ താല്പര്യമുണ്ടെന്നും ഡിസംബറിലും ഏപ്രിലും പഴയ ബൈബിൾ ശേഖരിക്കാൻ എല്ലാവരും മുന്നിട്ടിറങ്ങണമെന്നും സെക്രട്ടറിയച്ചൻ അഭ്യർത്ഥിച്ചു.

പി.ഒ.സി. ഓഡിയോ ബൈബിൾ അമേരിക്കയിലുള്ള ആത്മരക്ഷ എന്ന വെബ്സൈറ്റിൽ ഇടുവാനുള്ള അനുവാദം ചോദിച്ചിട്ടുണ്ട് എന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. അവർ ഓഡിയോ ബൈബിളിനായി പുതിയ മൊബൈൽ ആപ് തയ്യാറാക്കുന്നുണ്ട്. ബൈബിൾ സൊസൈറ്റിക്ക് ആയിരിക്കും പകർപ്പവകാശമെന്നും സൗജന്യ ബൈബിൾ പദ്ധതിയിൽ സഹായിക്കാൻ താല്പര്യപ്പെടുന്നവർക്ക് സൊസൈറ്റിയെക്കുറിച്ചുള്ള വിവരങ്ങൾ കൊടുക്കണമെന്നും അവരെ അറിയിക്കുവാൻ എക്സിക്യൂട്ടിവ്കമ്മിറ്റി തീരുമാനിച്ചു.

ബൈബിൾ സൊസൈറ്റി പ്രൊമോഷൻ ഊർജ്ജിതപ്പെടുത്തുവാൻ ശ്രമിക്കണമെന്ന് സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു. സൗജന്യ ബൈബിൾ പ്രോജക്റ്റ് എന്ന ആശയം ശ്രീ. ജോസഫ് പന്തപ്ലാക്കൽ മുന്നോട്ടുവച്ചു. വീടുകളിലെ ആഘോഷത്തിന്റെ ഒരു വിഹിതം ഇതിനായി മാറ്റിവയ്ക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കണം. ഇതിനായി കൂപ്പണുകൾ തയ്യാറാക്കാവുന്നതാണ്. ഇതിനെപ്പറ്റി ഇടവകകളിൽ ബോധവല്കരണം നടത്തണം. വിശദമായി ഇക്കാര്യം അടുത്തയോഗത്തിൽ ചർച്ചചെയ്യാമെന്ന് തീരുമാനിച്ചു.

**ബൈബിൾ അംബാസഡർമാർ**: ബൈബിൾ അംബാസിഡർമാരെ സൊസൈറ്റിയുടെ പൊതു പരിപാടികളിൽ ക്ഷണിക്കണമെന്നും അവരുമായി കൂടുതൽ സമ്പർക്കം പുലർത്തണമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ഈ ലോഗോസിന് സമ്മാനദാനത്തിന് അവരെയും ഉൾക്കൊള്ളിക്കാമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ശ്രീ. ആന്റണി സച്ചിൻ വൈസ് ചെയർമാനും സെക്രട്ടറിയച്ചനും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. യോഗം വൈകീട്ട് 4,30ന് അവസാനിച്ചു. തുടർന്ന് ചായസല്കാരവും ഉണ്ടായിരുന്നു.

**7. മാനേജിംഗ് കൗൺസിൽ യോഗം (25 നവംബർ 2016)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 25.11.2016ന് 4.00 മണിക്കുള്ള ചായസത്ക്കാരത്തിനുശേഷം ആരംഭിച്ചു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ശ്രീമതി ലില്ലി ജോസിന്റെ ഈശ്വരപ്രാർഥനയോടെ ആരംഭിച്ച യോഗത്തിൽ 22 അംഗങ്ങൾ പങ്കെടുത്തു. ശ്രീമതി ജാൻസി ജേക്കബ് യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു.

മാനേജിംങ്ങ് കൗൺസിൽ അംഗങ്ങൾ ആത്മാർത്ഥമായ സഹകരണം നല്കിയതിനാൽ മൂന്നു മേഖലകളിലായി ലോഗോസ് ക്വിസ് സെമിഫൈനൽ വളരെ ഭംഗിയായി നടത്താൻ സാധിച്ചെന്നുവൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. കഴിഞ്ഞ ദിവസങ്ങളിൽ ശ്രീ. അഗസ്റ്റിൻ മാസ്റ്ററുടെ ചരമവാർഷികവും ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കലിന്റെ മകന്റെ കല്ല്യാണവും ഉണ്ടായിരുന്നെന്നും കൗൺസിൽ അംഗങ്ങൾ ഇതിൽ പങ്കെടുത്തു എന്നും വൈസ് ചെയർമാൻ പറഞ്ഞു.

മുൻയോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ.ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗമത് പാസാക്കി.

തുടർന്ന് 3 മേഖലകളിലായി (എറണാകുളം, കോഴിക്കോട്, കൊല്ലം) നടന്ന ലോഗോസ് സെമിഫൈനലിനെക്കുറിച്ച് സെക്രട്ടറിയച്ചനും വൈസ് ചെയർമാനും ജോയിന്റ് സെക്രട്ടറിയും അനുഭവങ്ങൾ പങ്കുവച്ചു. എല്ലായിടത്തും വളരെ നല്ല അനുഭവമായിരുന്നുവെന്നും പൂർണ സഹകരണം ലഭിച്ചുവെന്നും എല്ലാവരും പറഞ്ഞു. കൂടുതൽ പേർക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ ഇതുവഴി സാധിച്ചു.

**പി.ഒ.സി മൊബൈൽ ആപ്പ്:** പി.ഒ.സി. മൊബൈൽ ബൈബിളിന്റെ നവീകരിച്ച ആൻഡ്രോയിഡ് പതിപ്പ് അധികം താമസിയാതെ പുറത്തിറക്കുമെന്നു സെക്രട്ടറിയച്ചൻ അറിയിച്ചു.

പി.ഒ.സി. ഓഡിയോ ബൈബിൾ അമേരിക്കയിലുള്ള 'ആത്മരക്ഷ' എന്ന വെബ് സൈറ്റിൽ ഇടുവാനുള്ള മൊബൈൽ ആപ് തയ്യാറാക്കുന്നുണ്ട്. ബൈബിൾ സൊസൈറ്റിക്കു തന്നെയായിരിക്കും പകർപ്പവകാശമെന്നും സൗജന്യ ബൈബിൾ പദ്ധതിയിൽ സഹായിക്കാൻ താല്പര്യപ്പെടുന്നവർക്ക് സൊസൈറ്റിയെക്കുറിച്ചുള്ള വിവരങ്ങൾ അവർ കൊടുക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**ബൈബിൾ പാരായണമാസം:** ബൈബിൾ പാരായണമാസത്തിനുവേണ്ടി ബൈബിൾ പോസ്റ്റർ, ബൈബിൾ വായനാകലണ്ടർ എന്നിവ എല്ലാ രൂപതകളിലും അയച്ചു കഴിഞ്ഞെന്നും കൂടുതൽ ആവശ്യമുള്ളവർക്ക് അത് നല്കുന്നതായിരിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**കലണ്ടർ:** ഈ വർഷം പരസ്യം ഒന്നും തന്നെ കിട്ടിയില്ലെന്നും അതിനുള്ള സമയം കുറവായിരുന്നെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ലഭിച്ച ക്വട്ടേഷനിൽ 4000/- രൂപ കുറച്ച്, എന്നാൽ അവരുടെ പരസ്യത്തോടെ കലണ്ടർ അച്ചടിക്കാൻ ഒരു പ്രസ് തയ്യാറാണെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. യോഗാംഗങ്ങൾ ഇതിനോട് താല്പര്യം പ്രകടിപ്പിച്ചില്ല. പകരം സൊസൈറ്റിയുടെ തന്നെ പരസ്യങ്ങൾ ഇട്ട് ഈ വർഷം കലണ്ടർ അച്ചടിക്കാൻ ധാരണയായി.

**വെബ് സൈറ്റ് നവീകരണം:** വെബ്സൈറ്റ് ചെയ്ത ശ്രീ. ജേക്കബിന്റെ പുതിയ ക്വട്ടേഷൻ പ്രകാരം സൈറ്റ് നവീകരണം മാത്രം നടത്താൻ യോഗത്തിൽ തീരുമാനമായി. പഴയ ഡേറ്റ പിന്നീട് ഘട്ടംഘട്ടമായി നവീകരിക്കാമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

**വചനസർഗ പ്രതിഭാ അവാർഡ്:** ഇത്തവണ വചനസർഗ പ്രതിഭാ അവാർഡിനായി തിരഞ്ഞെടുക്കപ്പെട്ടത് റവ. ഡോ. മൈക്കിൾ കാരിമറ്റത്തിന്റെ 'നസറത്തിൽനിന്ന് ഒരു പ്രവാചകൻ' എന്ന കൃതിക്കാണെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. അവാർഡ് ലോഗോസ് സമ്മാനവിതരണചടങ്ങിൽ വച്ച് കൊടുക്കാമെന്ന് ഈ യോഗത്തിൽ തീരുമാനമായി.

**ലോഗോസ് 2016:** ലോഗോസ് ക്വിസ് ഫൈനൽ, ഫാമിലിയ ക്വിസ്, ഗ്രാൻഡ് ഫിനാലെ എന്നിവയുടെ സമയക്രമങ്ങളും എല്ലാം അംഗങ്ങൾ ചെയ്യേണ്ട കാര്യങ്ങളും സെക്രട്ടറിയച്ചൻ നിർദ്ദേശിച്ചു. ബൈബിൾ സൊസൈറ്റി ട്രഷറർ സി. ആഗ്നസ് സി.റ്റി.സി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. വൈകീട്ട് 6 മണിക്ക് യോഗം അവസാനിച്ചു.

**8. മാനേജിംഗ് കൗൺസിൽ യോഗം (21 ജനുവരി 2017)**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 21.01.2017ന് ഉച്ചയ്ക്ക് 2.00 മണിക്ക് ചെയർമാൻ മോസ്റ്റ് റവ. ഡോ. അബ്രാഹം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ പ്രൊഫ. ആലീസ്കുട്ടിയുടെ പ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 30 അംഗങ്ങൾ പങ്കെടുത്തു.

ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗത്തിലേക്ക് പുതിയ ചെയർമാൻ പിതാവിനെയും മറ്റെല്ലാംഗങ്ങളെയും വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം സ്വാഗതം ചെയ്തു സംസാരിച്ചു.

ബൈബിൾ സൊസൈറ്റി ചെയർമാനായി ചാർജ്ജെടുത്തതിനുശേഷമുള്ള ആദ്യത്തെ യോഗമാണിതെന്നും കമ്മീഷന്റെയും സൊസൈറ്റിയുടെയും പ്രവർത്തനങ്ങളെല്ലാം സാവധാനം പഠിച്ചെടുക്കാൻ സാധിക്കുമെന്നുള്ള വലിയ ആത്മവിശ്വാസമുണ്ടെന്നും പിതാവു തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ഹൃദയത്തിൽ വീഴുന്ന വചനത്തെ കൊത്തിയെടുക്കുന്ന തിന്മയുടെ ശക്തികൾ കൂടുതലായി പ്രവർത്തിക്കുന്ന ഇന്ന് പ്രാർഥനയിലും വചനശുശ്രൂഷയിലും ജാഗ്രതയോടെ ജീവിക്കണമെന്നും പ്രകാശത്തിന്റെ മക്കളായി ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിതെന്നും പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

സെക്രട്ടറി റവ. ഫാ. ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി. മുൻയോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും വായിച്ചു. യോഗമത് പാസാക്കി. നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന സി. ആഗനസ്സ് സി.റ്റി.സിക്ക് ആശംസകൾ നേരുകയും കേക്കുമുറിക്കുകയും ചെയ്തു.

**വെബ്സൈറ്റ് നവീകരണം:–** ശ്രീ. ജേക്കബിന്റെ നേതൃത്വത്തിൽ നവീകരിച്ച കേരള ബൈബിൾ സൊസൈറ്റി വെബ്സൈറ്റ് പിതാവ് ഔദ്യോഗികമായി റിലീസ് ചെയ്തു. മൊബൈൽ ഫോണിൽ ഈ വെബ്സൈറ്റ് തുറക്കുവാൻ കൂടുതൽ സൗകര്യപ്പെടുന്നവിധത്തിലാണ് ഇതിന്റെ രൂപകല്പന. ഫയലുകളിലേക്ക് എളുപ്പം പോകുവാൻ ഉപകരിക്കുന്ന ബട്ടണുകളും പുതിയ സൈറ്റിൽ ചേർത്തിരിക്കുന്നു.

**ലോഗോസ് ക്വിസ് 2016 ഒരു വിലയിരുത്തൽ:–** മൂന്നു മേഖലകളിലായി നടന്ന ലോഗോസ് ക്വിസ് സെമിഫൈനൽ എല്ലായിടത്തും വളരെ നന്നായി നടന്നുവെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. കൊല്ലം, കോഴിക്കോട്, എറണാകുളം സെന്ററുകൾ ഏറെ സൗകര്യപ്രദമായിരുന്നെന്നും കൂടുതൽപേർക്ക് മത്സരത്തിൽ പങ്കെടുക്കുവാൻ അവസരം കിട്ടിയെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

**ഫാമിലിയ ക്വിസ്:–** അടുത്ത വർഷം ഫാമിലി ക്വിസിലേക്ക് 'അപ്പൻ, അമ്മ, ഒരു കുട്ടി' എന്നരീതിയിൽ നടത്തുന്നതിനെക്കുറിച്ച് യോഗാംഗങ്ങളുടെ അഭിപ്രായം

സെക്രട്ടറിയച്ചൻ ആരാഞ്ഞു. കുടുംബം എന്ന മൂല്യം ഉയർത്തിക്കാണിക്കാൻ ഇതു നല്ലതാണെന്ന അഭിപ്രായം ഉണ്ടായി. രൂപതാതലത്തിൽ ഈ മത്സരം സൗകര്യമനുസരിച്ച് നടത്തുവാനും സംസ്ഥാനതലത്തിൽ 'അപ്പൻ, അമ്മ, ഒരു കുട്ടി' എന്ന മാനദണ്ഡം സ്വീകരിക്കാനും മലയാളത്തിൽ മാത്രം ഫാമിലികിസ് സംസ്ഥാനതലപരീക്ഷ നടത്താനും യോഗത്തിൽ തീരുമാനമായി.

**പഴയബൈബിൾ ശേഖരണം:** ഓരോ ഇടവകയിലും പഴയ ബൈബിൾ ശേഖരിച്ച് രൂപതാ കേന്ദ്രങ്ങളിൽ എത്തിച്ച് 'ഫിയാത്ത്' എന്ന സംഘടന വഴി പുതിയ ബൈബിൾ അച്ചടിക്കുന്ന പ്രവർത്തനം ഇനിയുള്ള മാസങ്ങളിൽ ഊർജിതപ്പെടുത്തണമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. മാനേജിംങ്ങ് കൗൺസിൽ അംഗങ്ങൾ തങ്ങളുടെ രൂപതകളിൽ ആരെയെങ്കിലുംകൊണ്ട് വിവാഹം, മാമോദീസ തുടങ്ങിയ ആഘോഷങ്ങൾക്ക് പത്ത് ബൈബിൾ എങ്കിലും സ്പോൺസർ ചെയ്യിക്കുന്ന സംരംഭം തുടങ്ങുന്നത് നല്ലതായിരിക്കുമെന്ന് യോഗത്തിൽ അഭിപ്രായപ്പെട്ടു.

പുതിയൊരു മൊബൈൽ ആപ് സൈറ്റിൽ വന്നിട്ടുണ്ടെന്നും അതിന്റെ റെയിറ്റിംങ്ങ് 4.5 ആണെന്നും കാലത്തിനനുസരിച്ച് നമ്മുടെ ആപ് മാറ്റാത്തതുകൊണ്ടാണ് പുതിയ ആപ്പ് വന്നതെന്നും അതിന്റെ ഉടമസ്ഥനുമായി സഹകരിച്ചു പോകുന്നതു നന്നായിരിക്കുമെന്നും ശ്രീ. ആന്റണി സച്ചിൻ പറഞ്ഞു. പി.ഒ.സി. ബൈബിൾ ഈ പുതിയ മൊബൈൽ ആപ്പിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരുമായി ബന്ധപ്പെട്ടുവെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

ബൈബിൾ സൊസൈറ്റി മെമ്പർഷിപ്പ് കാംപെയിൻ വീണ്ടും സജീവമാക്കുന്നതിനെക്കുറിച്ചു സെക്രട്ടറിയച്ചൻ പറഞ്ഞു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ആളുകളിലേക്ക് എത്തിക്കുവാനും സൊസൈറ്റി പുറത്തിറക്കിയിരിക്കുന്ന ഓഡിയോ ബൈബിൾ, സൈൻ ബൈബിൾ തുടങ്ങിയവ പരിചയപ്പെടുത്തുവാനും ഇത് ആവശ്യമാണ്. മാനേജിംങ്ങ് കൗൺസിൽ അംഗങ്ങൾ ഇതിനു നേതൃത്വം കൊടുക്കണം എന്ന അഭിപ്രായവും ഉണ്ടായി.

ബൈബിളിന്റെ കവർ ലെതർ, ജീൻസ് മെറ്റിരിയലിൽ ചെയ്താൽ യുവജനങ്ങളുടെയിടയിൽ കൂടുതൽ പ്രചാരം കിട്ടുമെന്ന് ശ്രീ. ആന്റണി സച്ചിൻ പറഞ്ഞു. പി. ഒ.സിയിൽ പുതിയ മോഡലിൽ ബൈബിൾ പുറത്തിറക്കുവാൻ പദ്ധതിയിടുന്നതിനാൽ അവരുമായി ചർച്ച ചെയ്യുന്നതു നല്ലതായിരിക്കുമെന്ന് അഭിപ്രായമുണ്ടായി.

ആഫ്രിക്കയിൽ ടാൻസാനിയായിൽ ബൈബിൾ എത്തിക്കുന്നതിൽ മിഷനറിമാർ സഹകരണം ചോദിച്ചകാര്യം സെക്രട്ടറിയച്ചൻ പറഞ്ഞു. ഫിയാത്ത് മിഷനുമായി സഹകരിച്ച് ഇത് ചെയ്യാനുള്ള സാധ്യതകൾ അന്വേഷിക്കുന്നതു നന്നായിരിക്കുമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ഭാരതത്തിനുപുറത്തും ബൈബിൾ മിഷനിൽ സൊസൈറ്റി പങ്കു ചേരുന്നതു നന്നായിരിക്കുമെന്ന അഭിപ്രായമാണ് പൊതുവായി ഉയർന്നുവന്നത്.

ശ്രീ. ആന്റണി സച്ചിൻ പിതാവിനും സെക്രട്ടറിയച്ചനും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിപറഞ്ഞു. പിതാവിന്റെ ജീവിതാനുഭവങ്ങളിലൂടെ ഓരോ കാര്യങ്ങൾ പങ്കുവയ്ക്കുന്നത് എല്ലാവരുടെയും മനസ്സിൽ പതിയുമെന്നുകൂടി സച്ചിൻ കൂട്ടിച്ചേർത്തു. വൈകുന്നേരം 4 മണിയോടെ യോഗം അവസാനിച്ചു. തുടർന്ന് ചായസ്ത്ക്കാരവും ഉണ്ടായിരുന്നു.

## പ്രവർത്തനറിപ്പോർട്ട്

ജൂലൈ 16-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് പി.ഒ.സി. ഓഡിറ്റോറിയത്തിൽവച്ച് 2016-ലെ ജനറൽബോഡി യോഗവും 2016-2019 വർഷങ്ങളിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ബൈബിൾ സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവിന്റെ അധ്യക്ഷതയിൽ നടന്നു. ആദ്യം മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെയും, തുടർന്ന് എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങളുടെയും

തിരഞ്ഞെടുപ്പ് നടന്നു. ശ്രീ. ആന്റണി പാലിമറ്റം വൈസ് ചെയർമാനായും ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ ജോയിന്റ് സെക്രട്ടറിയായും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

ശ്രീ. സച്ചിൻ ആന്റണിയുടെ നേതൃത്വത്തിൽ, സി. അഭയ FCC യുടെസഹകരണത്തോടെ ബധിരർക്കായി സൈൻ ബൈബിളിന്റെ രണ്ടാം വാല്യം സി.ഡി. തയ്യാറാക്കി, പ്രകാശനം ചെയ്തു. ബധിരർക്കും അവർക്കായുള്ള സ്ഥാപനങ്ങളിലും ഈ സി.ഡി. സൗജന്യമായി വിതരണം ചെയ്യുന്നു. മിഡിൽ ഈസ്റ്റിലെ നേഴ്സസ് മിനിസ്ട്രിയാണ് ഇതിനായി സാമ്പത്തികസഹായം നല്കിയത്.

കാഴ്ച വൈകല്യമുള്ളവർക്കായി തയ്യാറാക്കുന്ന ബ്രെയ്‌ലി ബൈബിളിന്റെ പുതിയ ഇലക്ട്രോണിക് ടെക്സ്റ്റ് ബ്ര. സോണി കടുക്കുന്നേൽ തയ്യാറാക്കി. ഇതിന്റെ കോപ്പികൾ കാത്തലിക് കോൺഗ്രഗേഷൻ ഫോർ ബ്ലൈൻഡിന്റെ കീഴിലുള്ള പ്രസിൽ അച്ചടിക്കുന്നു.

ജനറൽ ബോഡി മീറ്റിംഗിൽ അംഗീകരിച്ചതനുസരിച്ച് കരുണയുടെ വർഷത്തിൽ നാല് ഏകദിന ബൈബിൾ ക്ലാസുകൾ പി.ഒ.സി.യിൽ സംഘടിപ്പിക്കുകയും സൊസൈറ്റി അംഗങ്ങൾക്ക് ഫീസിളവ് നല്കുകയും ചെയ്തു. സെപ്റ്റംബർ 3, 7 തീയതികളിലും ഒക്ടോബർ 15, നവംബർ 5 തീയതികളിലുമാണ് ക്ലാസുകൾ സംഘടിപ്പിച്ചത്.

സെപ്തംബർ 10,2016ൽ പഴയ ബൈബിൾ ശേഖരിക്കുന്നതിനെക്കുറിച്ചു ചർച്ച ചെയ്യാൻ നിയോഗിക്കപ്പെട്ട കമ്മിറ്റി വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ കൂടി താഴെ പറയുന്ന കാര്യങ്ങളിൽ ധാരണയായി. പഴയ ബൈബിളിനോടൊപ്പം പ്രാർഥനാ പുസ്തകങ്ങളും നോട്ടു ബുക്കുകളും ശേഖരിക്കണം. ഓരോ രൂപതയിലെ ബൈബിൾ കാറ്റക്കിസം ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഇതിനെക്കുറിച്ചുള്ള വിവരങ്ങൾ രൂപതകളിലും ഇടവകകളിലും അറിയിക്കണം. തുടർന്ന് ഓരോ രൂപതകളിലും നേതൃത്വം കൊടുക്കുവാൻ കമ്മിറ്റി അംഗങ്ങളെ ചുമതലപ്പെടുത്തി.

ബൈബിൾ പാരായണമാസത്തോടനുബന്ധിച്ച് പോസ്റ്ററുകളും ബൈബിൾ പാരായണ കലണ്ടറുകളും  അച്ചടിച്ച് രൂപതകളിൽ എത്തിച്ചു. ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരുടെ മീറ്റിംഗിൽ ബൈബിൾ ശേഖരണത്തെപ്പറ്റി ചർച്ച ചെയ്യുകയും അവരുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു.

ലോഗോസ് സംസ്ഥാന മത്സരത്തിനുമുമ്പ് ഐ.ഡി. കാർഡുകൾ കമ്മിറ്റി അംഗങ്ങൾക്കു നല്കി. സംസ്ഥാന ലോഗോസ് ക്വിസ് പരീക്ഷാകേന്ദ്രങ്ങൾ കമ്മിറ്റി അംഗങ്ങൾ സന്ദർശിക്കുകയും അഭിപ്രായങ്ങളും ഫോട്ടോയും ശേഖരിക്കുകയും ചെയ്തു. ലോഗോസ് മത്സരത്തിൽ ഈ വർഷം പുതുതായി മാൻഡ്യ, സുൽത്താൻപെട്ട് എന്നീ രൂപതകൾ ചേർന്നു.

**ലോഗോസ് ഫൈനൽ**

2016ലെ ലോഗോസ് സംസ്ഥാനതല പരീക്ഷകളുടെ ആദ്യ ഘട്ടം കൂടുതൽപേർ പങ്കെടുക്കുന്നതിനായി മൂന്നു പ്രാദേശിക കേന്ദ്രങ്ങളിലായി നവംബർ 25ന് സംഘടിപ്പിക്കപ്പെട്ടു. കോഴിക്കോട് പ്രോവിഡൻസ് സ്കൂളിലും കൊല്ലം കാറ്റലാനി പാസ്റ്ററൽ സെന്ററിലും എറണാകുളം സെന്റ് ആൽബർട്ടസ് സ്കൂളിലുമാണ് പരീക്ഷകൾ നടന്നത്.

ലോഗോസ് ഫൈനൽ മത്സരങ്ങൾ നവംബർ 26,27 തീയതികളിൽ സംഘടിപ്പിക്കപ്പെട്ടു. ഈ വർഷത്തെ പുതുമയായ ഫാമിലി ക്വിസ് 26–ാം തീയതിയും ലോഗോസ് പ്രതിഭാക്വിസ് 27–ാം തീയതിയും നടന്നു. ലോഗോസ് മത്സരത്തിൽ ഈ വർഷം മലയാളം, ഇംഗ്ലീഷ്, കന്നഡ ഭാഷകളിലായി 563324 പേർ പങ്കെടുത്തു. ക്വിസിൽ പങ്കെടുക്കുന്നവർക്കുള്ള സമ്മാനമായി ഫാ. ഒളിപ്പറമ്പിലിന്റെ വാഗ്ദാന പേടകം", ഫാ. സെബാസ്റ്റ്യൻ കിഴക്കേലിന്റെ "രഹസ്യങ്ങളുടെ ചുരുളഴിയുമ്പോൾ", ഫാ. പോൾ കല്ലുവീട്ടിലിന്റെ "ആത്മഭാഷണങ്ങൾ" എന്നീ പുസ്തകങ്ങൾ പ്രസിദ്ധീ

കരിച്ച് അയച്ചു കൊടുത്തു. പ്രതിഭാക്വിസിന്റെ ഫൈനൽ മത്സരത്തിന്റെ ക്വിസ് മാസ്റ്റർ റവ. ഡോ. ജോസഫ് പാംപ്ലാനിയും ലോഗോസ് ഫമിലിയ ക്വിസിന്റെ ക്വിസ് മാസ്റ്റർ റവ. ഫാ. ജോളി വടക്കനുമായിരുന്നു. ക്വിസ് മത്സരങ്ങൾക്ക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി – മാനേജിംഗ് കൗൺസിൽ അംഗങ്ങൾ പ്രശംസനീയമായ വിധത്തിൽ നേതൃത്വം നല്കി. ഉത്തരക്കടലാസുകളുടെ മൂല്യനിർണയത്തിന് ആലുവയിലെ ലിറ്റിൽഫ്ളവർ സെമിനാരിയിലെയും പെരുമ്പാവൂരിലെ സെമിനാരിയിലെയും വിദ്യാർഥികളും മറ്റനേകംപേരും സഹായിച്ചു. ഗുഡ്നസ് ടിവി ക്വിസ് മത്സരങ്ങളുടെ ഷൂട്ടിംഗ് നടത്തി.

27–ാം തീയതി ഉച്ചകഴിഞ്ഞ് നടന്ന ലോഗോസ് സമ്മാനവിതരണചടങ്ങിൽ അഭിവന്ദ്യ അബ്രാഹം മാർ യൂലിയോസ് പിതാവ് അധ്യക്ഷത വഹിച്ചു. ഫാമിലി ക്വിസ് സമ്മാനം സ്പോൺസർ ചെയ്ത ശ്രീ. ജോളി പി.വി.യും പ്രതിഭാ ക്വിസിന് ജറുസലേം തീർത്ഥാടനം സ്പോൺസർ ചെയ്ത ശ്രീ. മാത്യു കണ്ടിരിക്കലും പാലക്കൽ കുടുംബയോഗം വർക്കിംഗ് പ്രസിഡന്റ് ശ്രീ. ജോയിയും യോഗത്തിൽ ആശംസകൾ നേർന്നു.

ലോഗോസ് പ്രതിഭാക്വിസിൽ പാലാരൂപതയിൽ നിന്നുള്ള ശ്രീമതി ബീന പ്രതിഭാപട്ടം ചൂടി. ആദ്യമായി നടന്ന ലോഗോസ് ഫമിലിയ ക്വിസിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് ഇരിങ്ങാലക്കുട രൂപതയിൽ നിന്നുള്ള ശ്രീ. ടോണി കണ്ണമ്പുഴയും ടീമും ആയിരുന്നു. അഭിവന്ദ്യ അബ്രാഹം മാർ യൂലിയോസ് പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. 2017 ഫെബ്രുവരി – മാർച്ച് മാസത്തിൽ ഗുഡ്നസ് ടി.വി. ആറ് എപ്പിസോഡുകളായി ലോഗോസ് ക്വിസ് സംപ്രേഷണം ചെയ്തു.

**വചനസർഗ പ്രതിഭാ അവാർഡ്**

2016ലെ വചനസർഗ പ്രതിഭാ അവാർഡിന് അർഹനായ റവ. ഡോ. മൈക്കിൾ കാരിമറ്റത്തിന് നവംബർ 26–ാം തീയതി നടന്ന മീറ്റിംഗിൽ പ്രതിഭാപുരസ്കാരം സമ്മാനിച്ചു. മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും കൊച്ചി രൂപതാധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ജോസഫ് കരിയിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. ഈ മീറ്റിംഗിൽ അഭിവന്ദ്യ കരിയിൽ പിതാവ് മൂന്നുറീത്തുകളുടെയും ആരാധനക്രമവായനകൾ ഉൾപ്പെടുത്തിയ 2017ലെ കലണ്ടർ പ്രകാശനം ചെയ്തു. അഭിവന്ദ്യ പുന്നക്കോട്ടിൽ പിതാവ് കാരിമറ്റം അച്ചന്റെ പുതിയപുസത്കങ്ങളും പ്രകാശനം ചെയ്തു.

**വചനസ്മൃതി**

രജതജൂബിലി സ്മരണികയായ വചനസ്മൃതിയുടെ 3000 കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്യുന്നു. എല്ലാ രൂപതകളിലും, വിവിധ സന്യസസഭകളുടെ പ്രവിശ്യാഭവനങ്ങളിലും സ്പെഷ്യൽ അംഗത്വമെടുത്ത വ്യക്തികൾക്കും ഇതിന്റെ കോപ്പികൾ നല്കി. 2000 രൂപയിൽ കൂടുതലുള്ള തുകയ്ക്ക് അംഗത്വമെടുക്കുന്നവർക്കും വചനസ്മൃതി നല്കുന്നു.

**യാത്രയയ്പ്പും സ്വീകരണവും**

ഏതാനും മാസങ്ങൾ വളരെ സ്തുത്യർഹമായി ബൈബിൾ സൊസൈറ്റിയുടെയും ബൈബിൾ കമ്മീഷന്റെയും ട്രഷററായി സേവനമനുഷ്ഠിച്ച സി. ആൽഫി സി.റ്റി.സി.യ്ക്ക് ഓഗസ്റ്റ് 20–ാം തീയതി നടന്ന മാനേജിംഗ് കൗൺസിൽ മീറ്റിംഗിൽ യാത്രയയ്പ്പു നല്കുകയും ഉപഹാരം നല്കുകയും ചെയ്തു. ഈ മീറ്റിംഗിൽത്തന്നെ പുതിയ ട്രഷററായി ചാർജെടുക്കുന്ന സി. ആഗ്നസ് സി.റ്റി.സി.യ്ക്ക് സ്വാഗതം ആശംസിച്ചു.

**പുതിയ ചെയർമാൻ**

ബൈബിൾ കമ്മീഷൻ ചെയർമാനായിരുന്ന അഭിവന്ദ്യ സൂസൈപാക്യം പിതാവ് കെ.സി.ബി.സി. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിനാൽ, പുതിയ ചെയർമാനായി മൂവാറ്റുപുഴ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ അബ്രാഹം മാർ യൂലിയോസ് നിയമിതനായി.

**ബൈബിൾ പാരായണയജ്ഞം**

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ നടക്കുന്ന ബൈബിൾ പാരായണ യജ്ഞത്തെ സഹായിക്കുവാൻ പോസറ്ററുകളും 13 ലക്ഷം ബൈബിൾ വായനാകലണ്ടറുകളും ഉപകാരികളുടെ സഹായത്തോടെ രൂപതകളിൽ എത്തിച്ചു കൊടുത്തു.

**പുതിയവെബ്സൈറ്റ്, മൊബൈൽ ആപ്പ്**

കേരളബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റ് മൊബൈലിൽ എളുപ്പം ഉപയോഗിക്കാവുന്ന രീതിയിൽ പരിഷ്ക്കരിച്ചു. യൂണിക്കോട് ഉപയോഗിച്ചിരിക്കുന്നതിനാൽ മലയാളം ലിപികൾ മൊബൈലിലും വായിക്കാവുന്നതാണ്. ശ്രീ. ജേക്കബാണ് വെബ്സൈറ്റ് നവീകരിച്ചത്. പിഒസി മൊബൈൽ ആപ്പും നവീകരിച്ചു. വായിക്കുന്ന ഭാഗം അടയാളപ്പെടുത്തുക, ഫെയ്സ്ബുക്കിൽ ഷെയർ ചെയ്യുക, തുടങ്ങിയ പല നവീനതകളും ഉൾക്കൊള്ളുന്നതാണ് പുതിയ മൊബൈൽ ആപ്പ്. കാസർഗോഡുള്ള ശ്രീ. സബിൻ ജീസസ് യൂത്തുമായി ചേർന്നാണ് ഈ ഉദ്യമം പൂർത്തിയാക്കിയത്.

**പ്രൊമോട്ടേഴ്സ് മീറ്റ്**

കേരള ബൈബിൾ സൊസൈറ്റി പ്രൊമോട്ടർമാരുടെ സംഗമം 2017 മാർച്ച് 25–ാം തീയതി പി.ഒ.സി.യിൽ വച്ചു സംഘടിപ്പിച്ചു. ഓരോ വർഷവും അംഗങ്ങൾ കുറവുള്ള രണ്ടു രൂപതകൾ കേന്ദ്രീകരിച്ച് തീവ്രഅംഗത്വ കാമ്പെയ്ൻ നടത്തുവാൻ തീരുമാനമായി. ഓരോ വർഷവും പുതിയ പ്രൊമോട്ടർമാരിൽ ഏറ്റവും കൂടുതൽ അംഗത്വശേഖരണം നടത്തുന്ന വ്യക്തിക്ക് സമ്മാനം കൊടുക്കുവാൻ ധാരണയായി.

കഴിഞ്ഞ ജനറൽബോഡിയിൽ അംഗീകരിച്ചതനുസരിച്ച് മലയാളം – ഗ്രീക്ക് ഇന്റർലീനിയർ ബൈബിൾ തയ്യാറാക്കുന്ന ജോലി ആരംഭിച്ചു. ഇതിന് ജർമ്മനിയിലുള്ള ബൈബിൾസൊസൈറ്റിയിൽനിന്ന് ഗ്രീക്കുബൈബിൾ ഉപയോഗിക്കാനുള്ള പകർപ്പവകാശം സമ്പാദിച്ചു. ആലുവ സെമിനാരി പ്രസിഡന്റ് റവ. ഡോ. ചാക്കോ പുത്തൻപുരയ്ക്കലിന്റെ നേതൃത്വത്തിലാണ് ജോലികൾ പുരോഗമിക്കുന്നത്. സ്റ്റഡിബൈബിളിന്റെ സുവിശേഷങ്ങൾ പ്രസിദ്ധീകരിക്കാൻ തയ്യാറായി വരുന്നു. മറ്റു ഗ്രന്ഥങ്ങളും വിവിധ ബൈബിൾ പണ്ഡിതരുടെ മേൽനോട്ടത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

**നന്ദി**

തിരുവചനശുശ്രൂഷ ചെയ്യുവാൻ സൊസൈറ്റിയെ നിരന്തരം അനുഗ്രഹിക്കുന്ന സർവ്വേശ്വരന് സൊസൈറ്റി അംഗങ്ങളുടെ കൃതജ്ഞതാഹൃദയമലരുകൾ! തന്റെ തിരക്കേറിയ ജീവിതത്തിനിടയിലും സൊസൈറ്റി സംബന്ധമായ കാര്യങ്ങൾക്ക് എപ്പോഴും മുൻഗണന നൽകിയ അഭിവന്ദ്യ സൂസൈപാക്യം പിതാവിനും പുതിയ ചെയർമാൻ അഭിവന്ദ്യ മാർ അബ്രാഹം മാർ യൂലിയോസ് പിതാവിനും സ്നേഹപൂർവ്വം നന്ദി പറയുന്നു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ വേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്ത മാനേജിംഗ് കൗൺസിൽ–എക്സിക്യൂട്ടിവ് കമ്മിറ്റി ഭാരവാഹികളെ പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം, ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ, മുൻട്രഷറർ സി. ആൽഫി സി.റ്റി.സി., നിലവിലുള്ള ട്രഷറർ സി. ആഗനസ്സ് സി.റ്റി.സി. ഓഡിറ്റർ ശ്രീ. പി.സി. വർഗീസ്, പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, പി.ഒ.സി. യിലെ സ്റ്റാഫംഗങ്ങൾ എന്നിവർക്ക് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

ബൈബിൾ സൊസൈറ്റിയുടെ എല്ലാ ഭാവി പ്രവർത്തനങ്ങളെയും ദൈവപരിപാലനയ്ക്ക് സമർപ്പിച്ചുകൊണ്ടും സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

റവ. ഡോ. ജോൺസൺ പുതുശ്ശേരി CST
(സെക്രട്ടറി, കെ.സി.ബി.എസ്.)

# ബൈബിൾ കമ്മീഷനും ബൈബിൾ സൊസൈറ്റിയ്ക്കും പുതിയ സാരഥി




കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും ചെയർമാനായി മൂവാറ്റുപുഴ രൂപതാധ്യക്ഷൻ ഡോ. അബ്രാഹം മാർ യൂലിയോസ് പിതാവ് നിയമിതനായി. ബൈബിൾ പണ്ഡിതനായ അഭിവന്ദ്യ പിതാവ് കെ.സി.ബി.സിയുടെ ദൈവശാസ്ത്ര കമ്മീഷന്റെ ചെയർമാനായി സേവനമനുഷ്ഠി ക്കുകയായിരുന്നു. ദൈവവചനം ആത്മാവിൽപേറുന്ന പിതാവിന് ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും പുതിയ വീഥികളിലൂടെ നയിക്കുവാൻ സാധിക്കട്ടെ! കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ പുതിയ വൈസ്ചെയർമാൻ സ്ഥാനം അലങ്കരിക്കുന്ന പാലക്കാട് രൂപതാധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും സുൽത്താൻപെട്ട് രൂപതാധ്യക്ഷൻ അഭി വന്ദ്യ പീറ്റർ അബീർ അന്തോണിസ്വാമി പിതാവിനും സ്നേഹനിർഭരമായ സ്വാഗ തം.

---

# നന്ദിയുടെ നറുമലരുകൾ



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും ചെയർമാനായി 5 വർഷക്കാലത്തെ സ്തുത്യർഹമായ ദൗത്യനിർവഹണത്തിനുശേഷം കെ.സി.ബി.സി. പ്രസിഡന്റായി പുതിയദൗത്യം ഏറ്റെടുത്ത തിരുവനന്തപുരം അതിരൂപത ആർച്ചുബിഷപ്പ് റൈറ്റ് റവ. ഡോ. സൂസൈ പാക്യം പിതാവിന് ബൈബിൾ സൊസൈറ്റിയംഗങ്ങളുടെ പ്രാർഥനാനിർഭരമായ ആശംസകൾ!

ബൈബിൾ സൊസൈറ്റിയുടെ രജത ജൂബിലിക്കാലത്ത് കേരളസഭയിൽ ക്രിയാത്മക സാന്നിധ്യം അറിയിക്കാൻ അഭിവന്ദ്യപിതാവിന്റെ സ്നേഹമസൃണമായ നേതൃത്വത്തിനു കഴിഞ്ഞു. പുതിയ മേഖലകളിലേക്കു കടക്കാൻ സൊസൈറ്റിക്കു പ്രചോദനമേകുവാൻ പിതാവ് എന്നും ശ്രദ്ധാലുവായിരുന്നു. ബൈബിൾ ഭിന്നശേഷിയുള്ളവർക്ക് എത്തിക്കുവാൻ സൊസൈറ്റിയെടുത്ത ധീരമായ ചുവടുവയ്പ് ആഗോള കത്തോലിക്കാ സഭയിൽതന്നെ പുതുമയാർന്നതായിരുന്നു. ബൈബിൾ അംബാസഡർമാരിലൂടെ സൗജന്യമായി ബൈബിൾ വിതരണത്തിനും സൊസൈറ്റി മുന്നിട്ടറിങ്ങിയത് പിതാവിന്റെ ശക്തമായ പിന്തുണയോടെയായിരുന്നു. പി.ഒ.സി. ബൈബിളിന്റെ പുതിയനിയമപരിഷ്കരണത്തിനുശേഷം പഴയനിയമ പരിഷ്കരണത്തിന് കെ.സി.ബി.സിയുടെ അംഗീകാരം നേടിത്തന്നത് പിതാവിന്റെ വചനസ്നേഹത്തിന്റെ ഉത്തമോദാഹരണമാണ്. പിതാവിന് നന്ദിയുടെ നറുമലരുകൾ!

# ബൈബിൾ ജീവിക്കാനുള്ള പ്രമാണപുസ്തകം

## സംസ്ഥാന ലോഗോസ് പ്രതിഭ ബീന ജേക്കബ്

വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത മിശിഹായെക്കുറിച്ചുള്ള അജ്ഞതയാണ് എന്ന വി. ജറോമിന്റെ വാക്കുകൾ വി. ഗ്രന്ഥപഠനത്തിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും വ്യക്തമാക്കുന്നു. ദൈവവചനവായന പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയും ചേർന്നു നടത്തുന്ന ഒരു കർമ്മ പദ്ധതിയാണ് ലോഗോസ് ക്വിസ്. വി. ഗ്രന്ഥപഠനത്തിനു വലിയ പ്രേരണയും പ്രോത്സാഹനവും നല്കുവാൻ ലോഗോസ് ക്വിസിലൂടെ സാധിച്ചു എന്നതു തർക്കമറ്റ കാര്യമാണ്.

വി. ഗ്രന്ഥവായനയ്ക്കും പഠനത്തിനും വേണ്ടത്ര പ്രാധാന്യം നല്കാത്തവരാണേറെയും. പലരും സമയക്കുറവുമൂലം വചനം വായിക്കുകയോ പഠിക്കുകയോ ചെയ്യുന്നില്ല. അധ്വാനിക്കുന്നതും ശേഖരിക്കുന്നതുമൊക്കെ ക്രിയാത്മകതയുടെ അടയാളമാണെങ്കിലും ഹൃദയം അതിനോടു മാത്രം ചേർത്തുവയ്ക്കാതിരിക്കുക. ബഥാനിയായിലെ മറിയം യേശുവിന്റെ വചനങ്ങൾ ശ്രവിച്ചുകൊണ്ട് അവന്റെ പാദത്തിങ്കൽ ഇരുന്നു. മർത്തായാകട്ടെ വിവിധ ജോലികളിൽ മുഴുകി വ്യഗ്രചിത്തയായിരുന്നു. മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു എന്നു പറഞ്ഞ് ജീവിതത്തിന്റെ തിരക്കുകളിൽനിന്നു മനസ്സുയർത്താൻ യേശു മർത്തായെ




ക്ഷണിക്കുകയാണ്. (ലൂക്കാ 10:38-42). ഈ വചനവെളിച്ചത്തിൽ നമുക്ക് ഒരു വീണ്ടുവിചാരം ആവശ്യമുണ്ട്. മറിയത്തെപ്പോലെ ധ്യാനാത്മക ജീവിതത്തെ സ്വീകരിക്കുക. കർമമേഖലകൾ വിപുലമാണെങ്കിലും വചനവായനയ്ക്കും പഠനത്തിനും സമയം കണ്ടെത്തുക.

വചനം പ്രാർഥനാപൂർവം വേണം വായിക്കാൻ. സർവോപരി പരിശുദ്ധാത്മാവിന്റെ സഹായം തേടുക. "വി. ഗ്രന്ഥം വായിക്കാനുള്ള"പുസ്തമല്ല. അതു ജീവിക്കാനുള്ള പ്രമാണമാണ്. വചനം നമ്മെ വിശുദ്ധീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യും. കുടുംബങ്ങളിൽ വചനപഠനം പ്രോത്സാഹിപ്പിക്കുവാൻ ലോഗോസ് ഫാമിലി ക്വിസ് ഈ വർഷം സംസ്ഥാനതലത്തിൽ ആരംഭിച്ചുകഴിഞ്ഞു. വചനപഠനത്തിനു നമുക്കു ലഭിക്കുന്ന ഈ അവസരങ്ങൾ ഉത്സാഹപൂർവം പ്രയോജനപ്പെടുത്താം.

## സൈൻ ബൈബിൾ രണ്ടാംഭാഗം

വിഭിന്നശേഷിയുള്ളവരുടെ പക്കൽ ദൈവവചനം എത്തിക്കുവാൻ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എന്നും പ്രതിജ്ഞാബദ്ധമാണ്. ശ്രീ. ആന്റണി സച്ചിൻ, സി. അഭയ എഫ്.സി.സി. എന്നിവരുടെ നേതൃത്വത്തിൽ ബധിരർക്കായുള്ള സൈൻ ബൈബിളിന്റെ രണ്ടാമത്തെ സി.ഡി. പ്രകാശനം ചെയ്തു. ഇതിൽ സഹകരിച്ച എല്ലാവർക്കും നന്ദി! വിഭിന്ന ശേഷിയുള്ളവർക്ക് ഈ സി.ഡി.സൗജന്യമായി വിതരണം ചെയ്യുന്നു.

# ലോഗോസ് ഫമിലിയ ക്വിസ് 2016



കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ലോഗോസ് ക്വിസിൽ ആദ്യമായി അഖിലഭാരതതലത്തിൽ 'ലോഗോസ് ഫമിലിയ ക്വിസ്' ഈ വർഷം സംഘടിപ്പിക്കപ്പെട്ടു. രൂപതകളിൽനിന്നും ഒന്നാം സ്ഥാനത്തെത്തിയ കുടുംബങ്ങൾ പി.ഒ.സിയിൽ വച്ചു നടന്ന സംസ്ഥാനതല എഴുത്തു പരീക്ഷയിൽ പങ്കെടുത്തു. ഇവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആറു കുടുംബങ്ങളെ ഉൾപ്പെടുത്തി നടത്തിയ ടെലെക്വിസ് ഫൈനലിൽ വിജയികളായവർ താഴെ പറയുന്നവരാണ്.

ഒന്നാം സമ്മാനം: ടോണി കെ. ബേബി കണ്ണമ്പുഴ, ഫിലോമിന ബേബി കണ്ണമ്പുഴ, നിസി ടോണി, (ഇരിങ്ങാലക്കുട രൂപത). രണ്ടാം സമ്മാനം: സിനി തോമസ്, മെറിൻ തോമസ്, ടെറിൻ തോമസ് (തൃശൂർ അതിരൂപത). മൂന്നാം സമ്മാനം: ലാൽസൺ മാത്യു പുത്തൻപുര്യ്ക്കൽ, റീന ലാൽസൺ, ലീനസ് ലാൽസൺ (കോട്ടയം അതിരൂപത)

ലോഗോസ് ഫമിലിയ ക്വിസിൽ ഒന്നാം സ്ഥാനത്തിന് അർഹരായവർക്ക് ജെ.പി. ഫൗണ്ടേഷൻ സ്പോൺസർ ചെയ്ത ട്രോഫിയും 25000/- രൂപയുടെ ക്യാഷ് അവാർഡും അഭിവന്ദ്യ അബ്രാഹം മാർ യൂലിയോസ് പിതാവും ജെ. പി. ഫൗണ്ടേഷൻ പ്രസിഡന്റ് ശ്രീ. ജോളി പി.വിയും ചേർന്ന് സമ്മാനിച്ചു.

## ലോഗോസ് പുതുമകൾ

- ലോഗോസ് സെമിഫൈനലിൽ ആറു ഗ്രൂപ്പുകൾക്കും ടെലെക്വിസ് മത്സരങ്ങൾ
- ലോഗോസ് പഠനഭാഗങ്ങൾ, മാതൃകാചോദ്യങ്ങൾ മൊബൈലിൽ
- ലോഗോസ് ഫമിലിയ തുടരുന്നു. ഈ വർഷം സംസ്ഥാനതല ഫമിലിയ ക്വിസിൽ പങ്കെടുക്കുന്നത് 'പിതാവ്, മാതാവ്, ഒരു കുട്ടി' എന്നിവർ മാത്രം. ഇവർ ആദ്യ റൗണ്ട് പരീക്ഷയിൽ പങ്കെടുത്തിരിക്കണം.




## ബൈബിൾ പാരായണമാസം

ബൈബിൾ പാരായണമാസത്തോടനു ബന്ധിച്ച് പോസ്റ്ററുകളും പതിമൂന്നുലക്ഷം ബൈബിൾ പാരായണ കലണ്ടറുകളും അച്ചടിച്ച് രൂപതകളിൽ വിതരണംചെയ്തു. ഇതിനായി സഹായിച്ചവർക്ക് നന്ദിയും പ്രാർഥനകളും. ഇതോടൊപ്പം, ഫിയാത്തുമായി സഹകരിച്ച് പഴയ ബൈബിൾ ശേഖരിക്കുന്ന യജ്ഞവും പാവപ്പെട്ടവർക്കായി സൗജന്യ ബൈബിൾ വിതരണവും ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടക്കുന്നു.

# പതിനാറാം അഖിലകേരള ലോഗോസ് ക്വിസ് – 2017

**പാഠഭാഗങ്ങൾ**
സംഖ്യ 22-36; സുഭാഷിതങ്ങൾ 21-31; മത്തായിയുടെ സുവിശേഷം 1-9; വെളിപാട് 4-9

**രജിസ്ട്രേഷൻ**
അവസാനിക്കുന്നത്: 2017 ജൂലൈ 31-ന്

**പരീക്ഷാ സമയം**
രൂപതാതലം: 2017 സെപ്തംബർ 24-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ

**സംസ്ഥാനതലം**: 2017 നവംബർ 12നും 23-26 വരെയും

- സംസ്ഥാനതലത്തിലെ 5 വരെയുള്ള സ്ഥാനക്കാർക്ക് ഉയർന്ന ക്യാഷ് പ്രൈസുകൾ
- വിദേശ മലയാളികൾക്കായി ഓൺ ലൈൻ ലോഗോസ് ക്വിസ്
- ലോഗോസ് ക്വിസ് ചോദ്യങ്ങൾ ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നഡ ഭാഷയിലും
- ഓൺ ലൈൻ രജിസ്ട്രേഷൻ
- ടെലി സംപ്രേക്ഷണം
- ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനം.
- ലോഗോസ് ഫമിലിയ ക്വിസ്

**ഗ്രൂപ്പുകൾ**

**A വിഭാഗം – 1.1.2006 നു ശേഷം ജനിച്ചവർ**
**B വിഭാഗം – 1.1.2001 നും 31.12.2005 നും ഇടയ്ക്ക് ജനിച്ചവർ**
**C വിഭാഗം – 1.1.1986 നും 31.12.2000 നും ഇടയ്ക്ക് ജനിച്ചവർ**
**D വിഭാഗം – 1.1.1966 നും 31.12.1985 നും ഇടയ്ക്ക് ജനിച്ചവർ**
**E വിഭാഗം – 1.1.1953 നും 31.12.1965 നും ഇടയ്ക്ക് ജനിച്ചവർ**
**F വിഭാഗം – 31.12.1952 നു മുമ്പ് ജനിച്ചവർ**

**സമ്മാനങ്ങൾ**
അഖില കേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ ...
**ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനവും പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡ് 25,000 രൂപയും. ലോഗോസ് പ്രതിഭയുടെ രൂപതയ്ക്ക് പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി. ലോഗോസ് ഫമിലിയ പ്രതിഭയ്ക്ക് ജെ.പി. ഫൗണ്ടേഷൻ ക്യാഷ് അവാർഡ് 25000 രൂപ.**

**ഓൺ-ലൈൻ രജിസ്ട്രേഷന്: www.logosquiz.org**

**visit: www.keralabiblesociety.com**

### ബൈബിൾ വിതരണം

2016–2017 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കും രൂപതകൾക്കുമായി സബ്സിഡി നിരക്കിൽ 17,725 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 5,95,675 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കായി 296 ബൈബിളുകൾ സൗജന്യമായി നല്കുകയുണ്ടായി.

### അംഗത്വനില

ലഭ്യമായ കണക്കുകളനുസരിച്ച് 2017 മാർച്ച് 31–ാം തീയതി വരെ സൊസൈറ്റിയിൽ ആകെ 14,230 അംഗങ്ങളുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 160 പേർ സൊസൈറ്റിയിൽ പുതുമുഖങ്ങളായി എത്തിയിട്ടുണ്ട്. നടപ്പുവർഷം ഏറ്റവും കൂടുതൽ തുക സമാഹരിച്ച് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ അവാർഡിന് കോട്ടപ്പുറം രൂപത അർഹമായി.

### സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.90 മുതൽ 31.3.16 വരെ | 1.4.16 മുതൽ 31.3.17 വരെ | ആകെ * |
|---|---|---|---|---|
| ഓർഡിനറി | 500 | 7197 | 0 | 7197 |
| സ്പെഷ്യൽ | 1000 | 3645 | 137 | 3782 |
| ലൈഫ് | 2000 | 2540 | 15 | 2555 |
| സ്പെഷ്യൽ ലൈഫ് | 10000 | 164 | 2 | 166 |
| സ്പോൺസർ ലൈഫ് | 20000 | 72 | 0 | 72 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 196 | 0 | 196 |
| പാരിഷ് ഓർഡിനറി | 5000 | 210 | 6 | 216 |
| പാരിഷ് ലൈഫ് | 20000 | 46 | 0 | 46 |
| **ആകെ** | | **14070** | **160** | **14230** |

* അപ്ഗ്രേഡു ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ

### ബൈബിൾ വായനാ കലണ്ടർ

2016 നവംബർ 26–ന് ഫാമിലി ക്വിസ് സമ്മാനദാന ചടങ്ങിൽ വച്ച് മോസ്റ്റ് റവ. ഡോ. ജോസഫ് കരിയിൽ പിതാവ് പ്രകാശനം ചെയ്തു. മൂന്നു റീത്തുകളുടെയും ആരാധനക്രമവായനകൾ ഒരു കലണ്ടറിൽ ക്രമപ്പെടുത്തി. ഇടവകകളിലും കുടുംബങ്ങളിലും വ്യക്തി ജീവിതത്തിലും ആരാധന ക്രമാധിഷ്ഠിതമായ ബൈബിൾ വായനയ്ക്ക് സഹായകമാണിത്. മൾട്ടികളർ ചിത്രങ്ങളോടുകൂടി ആറ് പേജുകളിലായി ആർട്ട് പേപ്പറിൽ 25000 കലണ്ടറുകൾ അച്ചടിപ്പിച്ചു.

# ലോഗോസ് ക്വിസ് 2017 – ലെ സംസ്ഥാനതല ജേതാക്കൾ

## A വിഭാഗം

ഒന്നാം സമ്മാനം



**അലീന സോജൻ**
തൃശൂർ അതിരൂപത

രണ്ടാം സമ്മാനം



**ജോഷ്വ സഖറിയ**
ആലപ്പുഴ രൂപത

മൂന്നാം സമ്മാനം



**ദിയ മേരി**
കോട്ടപ്പുറം രൂപത

## B വിഭാഗം

ഒന്നാം സമ്മാനം



**ആൻ ആന്റു**
എറണാകുളം അതിരൂപത

രണ്ടാം സമ്മാനം



**റീതു മരിയ**
തിരുവനന്തപുരം (ലാറ്റിൻ)

മൂന്നാം സമ്മാനം



**മെറിൻ തോമസ്**
തൃശൂർ അതിരൂപത

## C വിഭാഗം

ഒന്നാം സമ്മാനം



**സി. കൃപാ മരിയ എസ്.എച്ച്**
കോതമംഗലം രൂപത

രണ്ടാം സമ്മാനം



**അതുല്യ മുണ്ടാട്ടുചുണ്ടയിൽ**
**താമരശ്ശേരി**

മൂന്നാം സമ്മാനം



**എവ്‌ലിൻ റോസ് റാഫി**
തൃശൂർ അതിരൂപത

## D വിഭാഗം

ഒന്നാം സമ്മാനം



**ലോഗോസ് പ്രതിഭ**
**ബീന ജേക്കബ്**
പാലാ രൂപത

രണ്ടാം സമ്മാനം



**സോഫി ജോസഫ്**
എറണാകുളം അതിരൂപത

മൂന്നാം സമ്മാനം



**ജെസ്സി ജോസ്**
എറണാകുളം അതിരൂപത

## E വിഭാഗം

ഒന്നാം സമ്മാനം



**ലൈല ജോൺ**
പാലക്കാട് രൂപത

രണ്ടാം സമ്മാനം



**ഷീല ഷാജി**
കാഞ്ഞിരപ്പള്ളി രൂപത

മൂന്നാം സമ്മാനം



**ജെസി ജോസ്**
ചങ്ങനാശേരി അതിരൂപത

## F വിഭാഗം

ഒന്നാം സമ്മാനം



**ഏലിക്കുട്ടി തോമസ്**
കോതമംഗലം രൂപത

രണ്ടാം സമ്മാനം



**റോസിലി അഗസ്റ്റിൻ**
തൃശൂർ അതിരൂപത

മൂന്നാം സമ്മാനം



**ലൂസിക്കുട്ടി ഡോമിനിക്ക്**
വരാപ്പുഴ അതിരൂപത

# അഖില കേരള ബൈബിൾ കലോത്സവം – 2016



കെ.സി.ബി.സി.ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച അഖില കേരള ബൈബിൾ കലോത്സവം ഡിസംബർ 30, 31 തീയതികളിൽ തലശ്ശേരി സാൻജോസ് സ്കൂൾ അങ്കണത്തിൽ അരങ്ങേറി. 30–ാം തീയതി രാവിലെ കണ്ണൂർ രൂപതാധ്യക്ഷൻ അഭിവന്ദ്യ അലക് സ് വടക്കുംതലപിതാവ് ബൈബി ൾ കലോത്സവത്തിനു തിരിതെളിച്ചു. കേരളത്തിലെ വിവിധ രൂപതകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ആയിരത്തോളം കലാപ്രതിഭകൾ മാറ്റുരച്ച മത്സരത്തിൽ എറണാകുളം–അങ്കമാലി അതിരൂപത ഓവറോൾ ചാമ്പ്യൻഷിപ്പും വരാപ്പുഴ അതിരൂപത രണ്ടാം സ്ഥാനവും കൊല്ലം രൂപത മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



ബൈബിളിനെ അറിയുകയും ബൈബിളിലെ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും അതുൾക്കൊണ്ടു പ്രവർത്തിക്കുകയുമാണ് ബൈബിൾ കലോത്സവത്തിന്റെ ലക്ഷ്യമെന്നും കലയിലൂടെ ബൈബിൾ സന്ദേശങ്ങൾ മനോഹരമായി പുറംലോകത്തിന് പകർന്നുകൊടുക്കുവാൻ കഴിയുമെന്നും സമാപനസമ്മേളനത്തിൽ അധ്യക്ഷപദം അലങ്കരിച്ച തലശ്ശേരി ആർച്ചുബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പറഞ്ഞു. തലശ്ശേരി ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ജോസഫ് പാംബ്ലാനിയുടെയും എക്സി ക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കാക്കരമറ്റത്തിന്റെയും നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയാണ് പ്രശംസനീയമായ രീതിയിൽ മത്സരത്തിനായി വിപുലമായ ഒരുക്കങ്ങളോടെ മത്സരവേദികൾ ഒരുക്കിയത്.



ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ അംഗങ്ങളും പി.ഒ.സിയിലെ വൈദികരും സിസ്റ്റേഴ്സും കലോത്സവ മത്സരങ്ങൾ സംഘടിപ്പിക്കുവാൻ നിർലോഭമായ സഹകരണമാണ് നല്കിയത്. എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി!

# ബൈബിൾ സായാഹ്ന ക്ലാസ് സമാപനം



ബൈബിൾ സായാഹ്ന ക്ലാസുകളുടെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും മാർച്ച് 15-ാം തീയതി വൈകീട്ട് പി.ഒ.സി. ലിറ്റിൽഫ്ളവർ ഓഡിറ്റോറിയത്തിൽ നടന്നു. 2016-2017ൽ നാല്പതു ബുധനാഴ്ചകൾ നീണ്ടുനിന്ന കോഴ്സിൽ നൂറ്റമ്പതോളം പേർ രജിസ്റ്റർ ചെയ്തു. ഈ വർഷം ഹീബ്രു പഠിക്കുന്നവർക്കായി അഡ്വാൻസ്ഡ് കോഴ്സും ആരംഭിച്ചുവെന്നതും പ്രത്യേകതയായിരുന്നു.

പി.ഒ.സി. അസി. ഡയറക്ടർ മോൺ. ജോർജ് കുരുക്കൂർ സായാഹ്ന ക്ലാസുകളിൽ പങ്കെടുത്തവരെ അഭിനന്ദിച്ചു സംസാരിച്ചു. ഒരു വർഷം ക്ലാസുകളൊന്നും മുടങ്ങാതെ



സംബന്ധിച്ച 10 പേർക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്തു. സമാപന ദിവസം നടത്തിയ പിരിവിൽനിന്നു ലഭിച്ച 20000/- രൂപ ക്യാൻസർ ബാധിച്ചു ചികിത്സയിൽ കഴിയുന്ന ഒരു നിർദ്ധന വ്യക്തിക്ക് കോഴ്സിൽ പങ്കെടുക്കുന്നവരുടെ സ്നേഹോപഹാരമായി നല്കി.

---

# ബൈബിൾ കോണ്ടാക്ട് ക്ലാസ്



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പഠിക്കുന്നവർക്കും ചേരാൻ താത്പര്യമുള്ളവർക്കും വേണ്ടി 2017 മെയ് 13-ാം തീയതി പി.ഒ.സി.യിൽ വച്ച് ഒരു ഏകദിന കോണ്ടാക്ട് ക്ലാസ്സ് സംഘടിപ്പിക്കപ്പെട്ടു.

നിരവധിപേർ പങ്കെടുത്ത ക്ലാസ്സിൽ ജ്ഞാനഗ്രന്ഥങ്ങളെ അധികരിച്ച് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ ക്ലാസ്സു നയിച്ചു. ഉച്ച കഴിഞ്ഞ് 3.00ന് ചേർന്ന സമ്മേളനത്തിൽവച്ച് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ യൂണിറ്റുകൾ വിജയകരമായി പൂർത്തിയാക്കി



യവർക്ക് ചെറുപുഷ്പസഭാ ജനറൽ റവ. ഡോ. ഫ്രാൻസീസ് കിളിവള്ളിക്കൽ ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യ്തു. ഈ മീറ്റിംഗിൽ ഫാ. ജോൺസൺ പുതുശ്ശേരി രചിച്ച 'വെളിപാട്: വായനയ്ക്കൊരു വഴികാട്ടി' എന്ന ഗ്രന്ഥം പ്രകാശനം ചെയ്തു.



*മാനേജിംങ്ങ് കൗൺസിൽ അംഗങ്ങൾ*



***എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ***



***ബൈബിൾ കമ്മീഷൻ ഓഫീസ് സ്റ്റാഫ്***

# ഏറെ ഹൃദ്യമായിരുന്നു മൂന്നുവർഷക്കാലം!

2013 – 2016 കാലയളവിലേക്കു തിരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട മാനേജിംങ്ങ് കൗൺസിൽ അംഗങ്ങളുടെയും എക്സിക്യൂട്ടിവ് കമ്മിറ്റിയംഗങ്ങളുടെയും കൂട്ടായ്മയും ഉത്തരവാദിത്വബോധവും എടുത്തു പറയാതിരിക്കാനാവില്ല. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെയും, ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലിന്റെയും നേതൃത്വത്തിലുള്ള ടീമംഗങ്ങളുടെയെല്ലാം സർഗാത്മകതയും സഹകരണവും ആത്മാർത്ഥമായ അധ്വാനവുമാണ് ഇക്കഴിഞ്ഞ വർഷങ്ങളിലെ സൊസൈറ്റിയുടെ പ്രവർത്തന വൈപുല്യത്തിനും വിജയത്തിനും പ്രധാനകാരണം. കൂട്ടായ്മയുടെ വിജയം! ഈ ടീമിന് ബൈബിൾ സൊസൈറ്റിയുടെ ഹൃദയംഗമായ കൃതജ്ഞതാമലരുകൾ!

---

# ബൈബിൾ ക്ലാസുകൾ

കരുണയുടെ വർഷം പ്രമാണിച്ച് പിഒസിയുമായി സഹകരിച്ച് ബൈബിൾ കമ്മീഷന്റെയും സൊസൈറ്റിയുടെയും നേതൃത്വത്തിൽ സെപ്തംബർ 3, 7; ഒക്ടോബർ 15, നവംബർ 5 എന്നീ തീയതികളിലായി നാല് ഏകദിന ബൈബിൾ ക്ലാസുകൾ സംഘടിപ്പിച്ചു. സൊസൈറ്റി അംഗങ്ങൾക്ക് ഫീസിളവും നല്കി.

മെയ് 20, 21 തീയതികളിലായി വെളിപാടുഗ്രന്ഥം ആസ്പദമാക്കി ദ്വിദിന ക്ലാസുകൾ പി.ഒ.സിയിൽ സംഘടിപ്പിക്കപ്പെട്ടു. റവ. ഡോ. ജോൺസൺ പുതുശ്ശേരി നയിച്ച ക്ലാസുകളിൽ നിരവധിപേർ പങ്കെടുത്തു.

ബൈബിൾ കമ്മീഷനും ചേർത്തല സെന്റ് മേരീസ് ഫൊറോന ദേവാലയവും ചേർന്ന് ഒരു വർഷം നീണ്ടുനില്ക്കുന്ന ബൈബിൾ ക്ലാസുകൾ സംഘടിപ്പിച്ചു. 2016 ജൂലൈ മാസം എറണാകുളം അതിരൂപതാസഹായ മെത്രാൻ ക്ലാസുകൾ ഉദ്ഘാടനം ചെയ്തു. സുവിശേഷങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസുകളിൽ 150 ഓളം പേർ പങ്കെടുത്തു.

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2017

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ്: 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല. **രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു:

**ഗ്രൂപ്പ്നമ്പർ 1:** അല്മായർ

**വിഷയം: സുവിശേഷപ്രഘോഷണം കുടുംബങ്ങളിലൂടെ**

**ഗ്രൂപ്പ്നമ്പർ 2:** സെമിനാരി വിദ്യാർത്ഥികൾ

**വിഷയം: വചനപ്രഘോഷണം: നവമാധ്യമസാധ്യതകൾ**

**ഗ്രൂപ്പ്നമ്പർ 3:** സന്ന്യാസിനികൾ

**വിഷയം: വചനപ്രേഷിതത്വവും സന്ന്യസ്തരും**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / DD) വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2017 ഒക്ടോബർ 10 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നല്കുന്നതാണ്.

| മത്സര ഇനം | രജി. ഫീസ് | First | Second | Third |
|---|---|---|---|---|
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം - 1 | 50 | 1500 | 1000 | 750 |
| 5. ലേഖനം - 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം - 3 | 50 | 1500 | 1000 | 750 |

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ബൈബിൾ കമ്മീഷൻ,
പി.ഒ.സി., പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025.

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സരങ്ങൾ 2016 ലെ വിജയികൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2016–ൽ അഖില കേരളതലത്തിൽ സംഘടിപ്പിച്ച സാഹിത്യ രചനാമത്സരത്തിൽ സമ്മാനാർഹരായവരുടെ പേരു വിവരം 1, 2, 3, സ്ഥാനക്രമമനുസരിച്ച് താഴെ ചേർക്കുന്നു. സാഹിത്യ രചനാമത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ തലശ്ശേരിയിൽ സാൻജോ മോട്രോപോളിറ്റൻ സ്കൂളിൽവച്ച് ഡിസംബർ 31 –ാം തീയതി വൈകിട്ട് 5 മണിക്ക് നടന്ന അഖില കേരള ബൈബിൾ കലോത്സവം സമാപനസമ്മേളനത്തിൽ തലശ്ശേരി രൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് വിതരണം ചെയ്തു.

**കവിത**

1. ഡോ. അരുൺ ബോസ്ക്കോ, റോണി വില്ല, സെഞ്ചുറി നഗർ–22, പള്ളിത്തോട്ടം പി.ഒ., കൊല്ലം–691006 (ചഷകം)
2. കെ. എം. ജോസ്, സിയോൻ ഡെയ്ൽ, പൊടിക്കുന്ന്, പള്ളിക്കുന്ന് പി.ഒ., കണ്ണൂർ–670 004 (പീഡിതരുടെ സുവിശേഷം)
3. മരിയ ചിറ്റംവേലിൽ, ചേടിക്കുളം, തലശ്ശേരി (ല്മാസബക്താനി)

**ചെറുകഥ**

1. ഫ്രാൻസിസ്ക്ക ജോസഫ്, നസ്രത്ത് ഭവൻ, വടക്കുംതല പി.ഒ., കരുനാഗപ്പള്ളി, കൊല്ലം–690 536
2. ആർദ്ര പി. മനോജ്, കുന്നുവിള വീട്, കൂനംകുഴി, പുനലൂർ പി.ഒ.–691 305
3. ടെസി ജോസഫ്, കണിച്ചേരിയിൽ ഹൗസ്, കക്കയം പി.ഒ., കോഴിക്കോട്–673 527

**ഏകാങ്കനാടകം**

1. ബ്ര. ലിതോഷ് കരിങ്ങാടയിൽ എം. എസ്. റ്റി, റൂഹാലയ മേജർ സെമിനാരി, ഉജ്ജൈൻ (മുന്തിരിതോപ്പിന്റെ കാവല്ക്കാർ)
2. സജി എം. എ, മുത്തനാട്ട് വീട്, ചൂരിയോട്, തച്ചമ്പാറ പി.ഒ., പാലക്കാട്– 678 593 (കരുണയുടെ വഴികൾ)
3. റോക്കി എം. തോട്ടുങ്കൽ, മരുത്തോർവട്ടം പി.ഒ., ചേർത്തല– 688 539 (നിരപരാധിയുടെ നിലവിളി)

**ലേഖനം (അല്മായർ)**

1. തെരേസ സെബാസ്റ്റ്യൻ, സാന്ത്വനം, വളർകോട്ട് വീട്, തൃക്കാക്കര പി.ഒ., കൊച്ചി – 682 021
2. സി. രാജൻ, സന്തോഷ് ഭവൻ, ശാന്തി റോഡ്, അലവിൽ പി.ഒ., കണ്ണൂർ–670 008
3. അഖില തോമസ്, ഐക്കരമണലേൽ, ഒളശ്ശ, കോട്ടയം

**ലേഖനം (സന്യാസിനികൾ)**

1. സി. ശാലിനി സി. എം. സി., പ്രൊവിൻഷ്യൽ ഹൗസ്, നെല്ലിക്കാംപൊയിൽ, തലശ്ശേരി
2. സി. മീര തെരേസ് സി. എസ്. എൻ, സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസ്, അങ്കമാലി സൗത്ത്–683 573
3. സി. ആനീസ് എഫ്. സി. സി., എഫ്.സി. കോൺവെന്റ്, ഭരണങ്ങാനം, കോട്ടയം

**ലേഖനം (സെമിനാരി വിദ്യാർഥികൾ)**

1. ബ്രദർ മാർട്ടിൻ മാളിയേക്കൽ കൂനൻ, ഗുഡ് ഷെപ്പേഡ് മേജർ സെമിനാരി, കുന്നോത്ത്
2. ബ്രദർ റൊണാൾജ് മാളിയേക്കൽ, സേക്രട്ട് ഹാർട്ട് മൈനർ സെമിനാരി, തൃക്കാക്കര, കൊച്ചി 682 021
3. ബ്രദർ അജോ പേഴുംകാട്ടിൽ, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, മംഗലപ്പുഴ

## 2016 അഖില കേരള ലോഗോസ് ക്വിസ്
### 4–ാം സ്ഥാനം നേടി മെഡലിനും 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ

**A Group**

1. അലീന ജെയ്മോൻ – ചങ്ങനാശ്ശേരി അതിരൂപത
2. കാൽവീനോ കാർനെറ്റ – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
3. അലൻ ഫ്രാൻസിസ് – ചങ്ങനാശ്ശേരി അതിരൂപത
4. ആൻ നിത ബാബു – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
5. മെറ്റിൽഡ ജോൺസൺ – ഇരിങ്ങാലക്കുട രൂപത
6. എയ്ഞ്ചൽ മേരി പോൾ – തൃശൂർ അതിരൂപത
7. റോസ് മിയാ ജോയ് – എറണാകുളം അങ്കമാലി അതിരൂപത

**B Group**

1. നവ്യ വർഗീസ് – ഇരിങ്ങാലക്കുട രൂപത
2. റോജിൻ ജോസഫ് – ചങ്ങനാശ്ശേരി അതിരൂപത
3. ബ്ര. പ്രിൻസ് പൗലോസ് JPMS – എറണാകുളം അങ്കമാലി അതിരൂപത
4. ടീന തോമസ് – തിരുവനന്തപുരം (മലങ്കര) അതിരൂപത
5. മിലൻ വർഗീസ് – ചങ്ങനാശ്ശേരി അതിരൂപത
6. കൊച്ചുത്രേസ്യാ ചെറുതറപ്പേൽ – മാനന്തവാടി രൂപത
7. അലൻ തോമസ് – തലശ്ശേരി അതിരൂപത

**C Group**

1. ആനന്ദ ഫെർണാഡസ് – കൊച്ചി രൂപത
2. പുഷ്പവതി – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
3. സജിത മുക്കോള – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
4. മേരി സിൻസി ഡിക്സൺ – ആലപ്പുഴ രൂപത
5. ജെസ്സി കുഞ്ഞുമോൻ – പുനലൂർ രൂപത
6. നിമ്മി ഷിജോ – പാലാ രൂപത
7. സി. ജോൽസ്ന ജോസഫ് എഫ്സിസി– തലശ്ശേരി അതിരൂപത

**D Group**

1. വിനി ജിബു – രാമനാഥപുരം രൂപത
2. ലിഷ വർഗീസ് – ആലപ്പുഴ രൂപത
3. റീജ മേരി – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
4. റോസിലി ബെന്നി – ഇടുക്കി രൂപത
5. ഷൈനി സോജൻ – തൃശൂർ അതിരൂപത
6. ഷൈജി ഡെന്നി – തൃശൂർ അതിരൂപത
7. ബിജു തോമസ് – കോട്ടപ്പുറം രൂപത

## E Group

1.. റോസി വി. എൽ – മാൻഡ്യ രൂപത
2. മേരി ജോർജ് – കാഞ്ഞിരപ്പിള്ളി രൂപത
3. മേരി തോമസ് – ഇരിങ്ങാലക്കുട രൂപത
4. ഗ്ലിറ്റി ജോസ് – തൃശൂർ അതിരൂപത
5. ഫിലോമിന ജോസഫ് – പാലാ രൂപത
6. ഫിലോമിന പോൾ – പാലാ രൂപത
7. ഏലിയാമ്മ ജേക്കബ – എറണാകുളം അങ്കമാലി അതിരൂപത

## F Group

1. എൽസമ്മ ജോർജ് – ചങ്ങനാശ്ശേരി അതിരൂപത
2. ജാനറ്റ് ഐ സി – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
3. മേരി സേവ്യർ – ഇരിങ്ങാലക്കുട രൂപത
4. സി. അലക്സിസ് എഫ്സിസി – കോതമംഗലം രൂപത
5. സുശീല ഭായ് ജി. സി – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
6. ജോസ് ഇട്ടൂപ്പ് – ഇരിങ്ങാലക്കുട രൂപത
7. ലിസി ബേബി – എറണാകുളം അങ്കമാലി അതിരൂപത

---

**1. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ**:

I എറണാകുളം അതിരൂപത – 64392 – 3,000 രൂപയും മെമന്റോയും

II തൃശൂർ അതിരൂപത – 56563 – 2,000 രൂപയും മെമന്റോയും

III പാലാ രൂപത – 40956 – 1,000 രൂപയും മെമന്റോയും

**2. അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ**:

I രാമനാഥപുരം രൂപത – 25.90 % – 3,000 രൂപയും മെമന്റോയും

II കോഴിക്കോട് രൂപത – 23.23 % – 2,000 രൂപയും മെമന്റോയും

III പാലക്കാട് രൂപത – 20.38 % – 1,000 രൂപയും മെമന്റോയും

**3. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത ഇടവകകൾ**:

I മർത്ത മറിയം ഫൊറോന ചർച്ച്, കുറവിലങ്ങാട് (പാലാ രൂപത)–3,288 3,000 രൂപയും, മെമന്റോ

II സെന്റ് മേരീസ് ചർച്ച് കൊരട്ടി, (എറണാകുളം അതിരൂപത) – 3,034 –1000 രൂപയും മെമന്റോയും

III സെന്റ് ജോർജ് ബസിലിക്ക, അങ്കമാലി (എറണാകുളം അതിരൂപത) – 2,588 1,000 രൂപയും, മെമന്റോ

ലോഗോസ് ക്വിസ് 2016ന് ഉത്തരേന്ത്യയിലെ രൂപതകൾ ഉൾപ്പെടെ 36 രുപതകളിൽ നിന്നായി ആകെ 563324 പേർ രജിസ്റ്റർ ചെയ്തു.

കേരളത്തിനു പുറത്തുനിന്ന് ഏറ്റവും കൂടുതൽ മാർക്കു നേടിയവർക്കുള്ള സമ്മാനം D വിഭാഗത്തിൽ 4–ാം നേടിയ വിനി ജീബു (രാമനാഥപുരം) കരസ്ഥമാക്കി.

## സ്വാഗതം



കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഓഫീസ് സെക്രട്ടറിയായും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷററുമായി സി. ആഗനസ്സ് സി.റ്റി.സി. നിയമിതയായി. 2004 മുതൽ 2009 വരെ ബൈബിൾ സൊസൈറ്റിയുടെ ട്രഷററായി സേവനമനുഷ്ടിച്ചിരുന്ന സിസ്റ്റർ ആലുവ സെന്റ് ഫ്രാൻസിസ് ഹൈസ്ക്കൂളിൽ അക്കൗണ്ടന്റായി സേവനം ചെയ്യുകയായിരുന്നു. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷററായി വീണ്ടും നിയമിതയായ സി. ആഗനസ്സ് സി.റ്റി.സിക്ക് സൊസൈറ്റി അംഗങ്ങളുടെ പ്രാർഥനകളും വിജയാശംസകളും!

# വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗപ്രതിഭാ പുരസ്കാരത്തിന് 2017–ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/– രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

**ബൈബിൾ ബാലസാഹിത്യവും കുട്ടികൾക്കായുള്ള ബൈബിൾ ഗെയിംസുമാണ്** 2017–ലെ പുരസ്കാരത്തിന് പരിഗണിക്കുന്നത്. കുട്ടികൾക്കായി ബൈബിൾ ആധാരമാക്കി മലയാളഭാഷയിൽ പുസ്തകരൂപത്തിൽ 2012 മുതൽ പ്രസിദ്ധീകരിച്ച രചനകളും സാങ്കേതികേതര ബൈബിൾ കളികളും (ഇലക്ട്രോണിക് മീഡിയ ഒഴികെ) അവാർഡിനായി സമർപ്പിക്കാവുന്നതാണ്. പുസ്തകത്തിന്റെ/ ബൈബിൾ കളികളുടെ 3 കോപ്പികൾ വീതം സമർപ്പിക്കേണ്ടതാണ്. വിശുദ്ധഗ്രന്ഥത്തോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും.

ജൂലൈ 31–നു മുമ്പ് സെക്രട്ടറി, C/o.വചനസർഗ അവാർഡ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി – 682 025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.

# പി.ഒ.സി ബൈബിൾ മൊബൈൽ ആപ്പ്

പി.ഒ.സി. ബൈബിളിന്റെ പരിഷ്കരിച്ച മൊബൈൽ ആപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നു. പല പുതിയ ഫീച്ചറുകളും ഇതിൽ ചേർത്തിരിക്കുന്നു. യൂണിക്കോഡിലുള്ള ടെക്സ്റ്റ് ഫെയ്സ്ബുക്കിലും മറ്റും അയയ്ക്കാനും വായിക്കുന്ന ഭാഗം നിറംകൊടുത്ത് അടയാളപ്പെടുത്താനും സൗകര്യമുണ്ട്. ജീസസ് യൂത്തും ശ്രീ. സബിനുമാണ് ഇതിനായി യത്നിച്ചത്. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങളും കേരള ബൈബിൾ സൊസൈറ്റിയുടെ നന്ദിയും!

# പി.ഒ.സി. ബൈബിൾ പരിഷ്കരണം

പി.ഒ.സി. ബൈബിളിന്റെ പരിഷ്കരിച്ച പതിപ്പ് സ്റ്റഡി ബൈബിൾ ആയി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ലൂക്കായുടെ സുവിശേഷം 'കരുണയുടെ സുവിശേഷം' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. മത്തായിയുടെ സുവിശേഷം ഉടൻ പുറത്തിറങ്ങുന്നു. തുടർന്ന് യോഹന്നാന്റെ സുവിശേഷവും മർക്കോസിന്റെ സുവിശേഷവും.



*പിഒസി ബൈബിൾ പരിഷ്കരണ ടീം ചെയർമാൻ അഭിവന്ദ്യ യൂലിയോസ് പിതാവിനൊപ്പം*

പഴയനിയമ പരിഷ്കരണം ഊർജിതമായി നടക്കുന്നു. ഹീബ്രുഭാഷയിലെ മൂലഗ്രന്ഥത്തിൽ നിന്നുള്ള പഞ്ചഗ്രന്ഥിയുടെ തർജമ ബൈബിൾ പണ്ഡിതർ പൂർത്തിയാക്കികൊണ്ടിരിക്കുന്നു. മറ്റു ഗ്രന്ഥങ്ങളും പണിപ്പുരയിലാണ്. ഡോ. ജോഷി മയ്യാറ്റിൽ കോ–ഓർഡിനേറ്റർ ആയ ടീമിലെ മറ്റംഗങ്ങൾ റവ. ഡോ. അബ്രാഹം പേഴുംകാട്ടിൽ, റവ. ഡോ. ജെയിംസ് ആനാപറമ്പിൽ, റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിയിൽ, റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ എന്നിവരാണ്. ഷെവ. പ്രീമൂസ് പെരിഞ്ചേരി, ഡോ. ജോർജ് കുരുക്കൂർ എന്നിവരാണ് ഭാഷാപരിശോധകർ.



*പരിഷ്കരിച്ച 'ഉത്പത്തിഗ്രന്ഥ'ത്തിന്റെ ചർച്ചയ്ക്കായി ഒരുമിച്ചുകൂടിയവർ*

# മാർ പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം റവ ഡോ. മൈക്കിൾ കാരിമറ്റത്തിന്



കേരളകാത്തലിക് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗ പ്രതിഭാ പുരസ്കാരം 2016–ൽ റവ. ഡോ. മൈക്കിൾ കാരിമറ്റത്തിന് സമ്മാനിച്ചു. ഇദ്ദേഹത്തിന്റെ 'നസ്രത്തിൽനിന്ന് ഒരു പ്രവാചകൻ' എന്ന ബൈബിൾ പഠനഗ്രന്ഥത്തിനാണ് പുരസ്കാരം. 25,000 രൂപയും പ്രശസ്തിപത്ര ഫലകവും നവംബർ 26നു പി.ഒ.സി.യിൽവച്ച് അവാർഡു ജേതാവിനു സമ്മാനിച്ചു.
പരാജിതരുടെ സുവിശേഷം, വീടുവിഴുങ്ങുന്നവരും ചില്ലിക്കാശും, വിശ്വാസത്തിന്റെ വേരുകൾ, ആത്മാക്കളുടെ ലോകം, കാണാപ്പുറം, കുരിശിന്റെ സുവിശേഷം, ഗുരുമൊഴികൾ, വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം തുടങ്ങി നിരവധി കൃതികളുടെ കർത്താവാണു ഡോ. മൈക്കിൾ കാരിമറ്റം. ഇംഗ്ളീഷ്ഭാഷയിൽ നിരവധി ഗ്രന്ഥങ്ങളും പഴയനിയമത്തിലെയും പുതിയനിയമത്തിലെയും കഥാപാത്രങ്ങളെക്കുറിച്ചുള്ള ചിത്രകഥകളും ഇദ്ദേഹത്തിന്റേതായുണ്ട്. കെ.സി.ബി.സി. മാധ്യമകമ്മീഷന്റെ ദാർശനിക അവാർഡ്, ജോൺ കുന്നപ്പള്ളി അവാർഡ്, കുണ്ടുകുളം അവാർഡ് എന്നിവ നേടിയിട്ടുണ്ട്.

---



*'വചനസ്മൃതി' ജസ്റ്റീസ് കുര്യൻ ജോസഫിനു നല്കുന്നു*

---

## മികച്ച ബൈബിൾ പ്രൊമോട്ടർ

ഈ വർഷത്തെ മികച്ച പ്രൊമോട്ടർ സി. ആൽഫി സി.റ്റി.സി.ക്ക് ബൈബിൾ സൊസൈറ്റിയുടെ അഭിനന്ദനങ്ങൾ! സി. ആൽഫി സി.റ്റി.സി. ബൈബിൾ സൊസൈറ്റിയുടെ മുൻട്രഷററാണ്.

## നന്ദി



കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഓഫീസ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷറർ എന്നീ സ്ഥാനങ്ങളിൽനിന്ന് വിരമിച്ച സി. ആൽഫി സി.റ്റി.സിക്ക് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ കൃതജ്ഞതാ നിർഭരമായ കൂപ്പുകൈ!

# വെബ്സൈറ്റ് നവീകരണം



കേരള ബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റ് www.keralabiblesociety.com പരിഷ്കരിച്ചു. മൊബൈൽ ഫോണിൽ ലളിതമായി സെർച്ചുചെയ്യാൻ സാധിക്കുന്ന വിധമാണ് ഇതിന്റെ രൂപകല്പന. ബൈബിൾ കമ്മീഷനെക്കുറിച്ചും സൊസൈറ്റിയെക്കുറിച്ചുമുള്ള വിവരങ്ങൾ ഇനി വിരൽത്തുമ്പിൽ. ലോഗോസ് പഠനസഹായത്തിനുള്ള മാതൃകാ ചോദ്യങ്ങളും ഇനി മൊബൈലിലും വായിക്കാൻ കഴിയും. സൊസൈറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ അറിയാനുള്ള ലിങ്കുകളും ഇതിൽ കൊടുത്തിരിക്കുന്നു. വെബ്സൈറ്റ് സന്ദർശിക്കുക, സന്ദർശിക്കാൻ സുഹൃത്തുക്കളെ പ്രോത്സാഹിപ്പിക്കുക!

# KCBS ന്റെ പുതിയ പ്രസിദ്ധീകരണങ്ങൾ

ലോഗോസ് സമ്മാനങ്ങൾക്കായി ഫാ. ജോസഫ് ഓളിപ്പറമ്പിലിന്റെ 'വാഗ്ദാനപേടകം', ഫാ. സെബാസ്റ്റ്യൻ കിഴക്കേലിന്റെ 'രഹസ്യങ്ങളുടെ ചുരുളഴിയുമ്പോൾ', ഡോ. പോൾ കല്ലുവീട്ടിൽ സി. എം. ഐയുടെ 'ആത്മ ഭാഷണങ്ങൾ' എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. രജത ജൂബിലി സ്മരണികയായ വചന സ്മൃതിയും 3000 കോപ്പികൾ അച്ചടിച്ചു വിതരണം ചെയ്യാൻ തുടങ്ങി.







